കൊച്ചി തിരുവിതാംകൂർ

മഹായിടവകയുടെ

൧൯൫൪-ലേക്കുള്ള

റിപ്പോർട്ട്

കൊച്ചിതിരുവിതാംകൂർ മഹായിടവക

ബിഷോപ്പ്

റൈററ് റവറന്ത് ഇ. എ. എൽ. മൂർ എം. എ.

കോട്ടയം ആൎച്ച്ഡിക്കനും ബിഷോപ്പു കമ്മിസ്സറിയും

വെന. ററി. കെ. ബഞ്ചമിൻ ബി. എ.

മാവേലിക്കര ആൎച്ച്ഡീക്കൻ

വെന. ജെക്കോബു ചാണ്ടി

ബിഷോപ്പിൻെറ പരിക്ഷകന്മാരായ ചാപ്ലേന്മാർ

റവ. പി. സി. കോര ബി. എ.
,, സി. കെ. ജെക്കോബു ബി. എ.

മഹായിടവക രജിസ്ത്രാർ

വെന. ടി. കെ. ബഞ്ചമിൻ ബി. എ.

ചൎച്ച്മിഷ്യൻസമൂഹം അയച്ചിട്ടുള്ള പട്ടക്കാർ

റവ. ഡബ്ളിയു. എസ്സ്. ഹണ്ട് എം. കെ. സി., തിരുവല്ലാ
,, ജി. എ. എൻ. ഷാക്കിൾ എം. എ., തിരുവനന്തപുരം
,, ഇ. എൻ. സ്റ്റീയർ എം. എ., കോട്ടയം

ചാപ്ലേന്മാർ

റവ. ജെ. എച്ച്. പ്രെസ്റ്റൻ, കൊച്ചി
,, ജി. എ. എൻ. ഷാക്കിൾ എം. എ., തിരുവനന്തപുരം

ഇണ്ട്യൻപട്ടക്കാർ

വെന. ജെ. ചാണ്ടി, കോട്ടയം
റവ. ഇ. വി. ജോൺ (ഉദ്യോഗം ഒഴിഞ്ഞു)
,, ററി. കെ. ജോസേപ്പ്, പൂവത്തൂർ
,, എ. ഒ. മത്തായി, ചങ്ങനാശ്ശേരി
,, എം. സി. തോമ്മാ (ഉദ്യോഗം ഒഴിഞ്ഞു)
,, ററി. ഐ. എബ്രഹാം, തിരുവനന്തപുരം
വെന. ററി. കെ. ബഞ്ചമിൻ ബി. എ., കോട്ടയം
റവ. ററി. കോശി, പള്ളം
,, കെ. പി. ഉമ്മൻ, കോട്ടകുഭഞ്ഞി
,, പി. എ. ശമുവേൽ (ഉദ്യോഗം ഒഴിഞ്ഞു)
,, പി. ഒ. മാത്തൻ (,,)
,, സി. സി. തൊമ്മൻ, ആലപ്പുഴ
,, പി. ജെ. ജോഷ്വാ ബി. എ., ആലുവാ
,, എം. ററി. ചാക്കൊ, തിരുവല്ലാ
,, ററി. ഐ. ചെറിയാൻ, തലവടി
,, പി. ജോൺ ജോസേപ്പ്, അയിരൂർ
,, ഡബ്ളിയു. ഒ. ഉമ്മൻ, മൂവാററുപുഴ
,, ററി. ജെ. ആൺഡ്രൂ, പീരുമേട്

റവ. സി. എൻ. തോമ്മാസു, കുന്നംകുളങ്ങര
,, പി. കെ. ചാണ്ടി, തൃശ്ശൂർ
,, ററി. ഇ. എബ്രഹാം, പുതുപ്പള്ളി
,, കെ. ഒ. ചാക്കൊ, കററാനം
,, കെ. വി. തോമ്മാസു, കന്നീററു്
,, എം. ജെ. ചാണ്ടി ബി. എ., മാവേലി
,, പി. സി. കോര ബി. എ., കോട്ടയം
,, സി. കെ. ജെക്കോബു ബി. എ., കോട്ടയം
,, പി. ശമുവേൽ, മൂന്നാർ
,, പി. ഇ. ചാക്കൊ, കാനം
,, കെ. സി. ഡേവിഡ്, റാന്നി
,, എം. വി. ജോർജ്ജ് ബി. എ., കൊച്ചി
,, എ. പി. ഇട്ടി, മുണ്ടക്കയം
,, കെ. ജെ. ചാക്കൊ, കവിയൂർ
,, ഇ. ജെ. ജോസേപ്പു, പെരുന്തുരുത്തി
,, പി. എബ്രഹാം കോശി, അട്ടൂർ
,, ററി. ജെ. വർക്കി, എലന്തൂർ
,, കെ. വി. എബ്രഹാം, മേലുകാവു
,, കെ. കെ. ചാക്കൊ, നെടുങ്ങാടപ്പള്ളി
,, കെ. വി. വില്യം, കാട്ടാമ്പാക്കൽ
,, എം. കെ. ജോസേപ്പു, മങ്കൊമ്പു
,, ററി. പി. ഡേവിഡ്, കൂത്താട്ടുകുളം
,, പി. ജെ. ജോർജ്ജ്, ബി. എ., ബി. ഡി., എരുമാപ്ര
,, എം. സി. ചാക്കൊ ബി. എ., ബി. ഡി, ഒളശ്ശ
,, എ. ജെ. കുര്യൻ, കോട്ടയം
,, എം. ജെ. ഫ്രാൻസിസ്, മുട്ടുചിറ
,, കെ. ഒ. ഫിലിപ്പു, മല്ലപ്പള്ളി
,, കെ. വി. ഈപ്പൻ, വെള്ളുത്തുരുത്തി
,, പി. ഇ. വർക്കി, എറികാടു
,, പി. ഐ. ചെറിയാൻ, ഏററുമാനൂർ
,, എം. വി. പോത്തൻ, ചേലക്കൊമ്പു
,, കെ. പി. ചാണ്ടി, ക്രുവപ്പള്ളി
,, എം. ററി. ചാക്കൊ, കുമ്പളാംപൊയ്ക
,, ഇ. ജെ. ഐസ്സക്ക, പാമ്പാടി

മിഷ്യനറി മദാമ്മമാർ

മിസ്സ് ഇ. ബോമോണ്ട് സി. ഇ. ഇസററ്. എം. എസ്സ്., തിരുവനന്തപുരം
,, ഡി. ടെയിലർ ,, ,, ,,
,, സി. ബേക്കർ ,, ,, ഒളശ്ശ
,, ഐ. എ. ബേക്കർ, സി. എം. എസ്സ്., കോട്ടയം
,, ജി. ഇ. മീഗർ ബി. എ. ,, ,,
,, എം. ഇ. ഈസ്റ്റ് ബി. എ. ,, ,,
,, ജി. ജെ. കെല്ലവെയി എം. എ., (മാർത്തോമ്മാസഭയ്ക്കു വായിപ്പകൊടുത്തിരിക്കുന്നു)

മിസ്സ് കെ. എം. റിച്ചാർഡ്സ്, സി. എം. എസ്സ്., പള്ളം
,, ഇ. ജെ. നിവ്, സി. എം. എസ്സ്. വാരിക്കാട്ട, തിരുവല്ലാ
,, എം. ആർ. ഹിൽ, ,, (അവധിയിൽ)
,, എ. സി. ഇ. റോബിൻസ്, സി. ഇ. ഇസററ. എം. എസ്സ്., എറണാകുളം
,, ബി. കിഡ്ഡെൽ ,, ,,
,, എൽ. എം. ഡേവിസ്, സി. എം. എസ്സ്., ചെങ്ങന്നൂർ
,, ബി. എം. വിററ്ലോക്ക ,, ,,
,, ഡി. ഇ. ക്ലീററ് ,, കോട്ടയം
,, എഫ്. എൽ. റൈററ് ,, ,,
,, ഇ. എം. കെണ്ടൽ, സി. ഇ. ഇസററ. എം. എസ്സ്., തൃശ്ശൂർ
,, ഇ. കൌളി ,, ,, ,,

മഹായിടവക കൌൺസിൽ

സ്റ്റാൻഡിംഗ്കമ്മട്ടി അംഗങ്ങൾ

ബിഷോപ്പുതിരുമനസ്സുകൊണ്ട അഗ്രാസനർ

പട്ടക്കാർ

വെനം. ജേക്കോബ്യ ചാണ്ടി
,, ററി. കെ. ബഞ്ചമിൻ ബി. എം.
റവ. ഡബ്ളിയു.എസ്സ്. ഹണ്ട എ.കെ.സി.
,, പി. ജെ. ജോക്കപ്പ് ബി. എ.
,, പി. ജെ. ജോർജ്ജ് ബി.എ ,ബി.ഡി.
,, ററി. പി. ഡേവിഡ്
,, സി. സി. തൊമ്മൻ
,, പി. സി. കോര ബി. എ. (സിക്രട്ടറി)
റവ. ഇ. ജെ. ജോസേപ്പ
,, കെ. കെ. ചാക്കൊ
,, കെ. സി. ഡേവിഡ്
,, എം. ജെ. ചാണ്ടി ബി. എം.
,, സി. കെ. ജെക്കോബ്യ ബി. എം.
,, ഡബ്ളിയു. ഒ. ഉമ്മൻ
,, ടെ. വി. എബ്രഹാം

അസ്സേമ്പ്ലിഅംഗങ്ങൾ

മിസ്സ് ഇ. ജെ. നിവ്
,, ആർ. ജോസേപ്പ ബി. എ.
,, ബി. എം. വിററ്ലോക്ക
,, എൽ. എ. ഡേവിസു
,, കെ. എം. റിച്ചാർഡ്സു
മിസ്റ്റർ എം. ററി. തോമാസു ബി. എ., എൽ. ററി.
,, ററി. ഡി. ജോർജ്ജ് ബി. എ., എൽ. ററി.
,, ജോർജ്ജ് കുര്യൻ ബി. എ., ബി. എൽ.
,, പി. എസ്സ്. അബ്രഹാം
,, ററി. ജെ. ജോൺ
,, പി. ജെ. ജോൺ
,, വി. ജെ. മത്തായി
,, പി. ഐ. നൈനാൻ
മിസ്റ്റർ പി. എം. ഐസക്ക
,, എം. എം. മക്കോസു
,, എ. ററി. തോമാസു എൽ. എം., എസ്സ്.
,, എം. എം. ക്യാക്കോസ്
,, ററി. എസ്സ്. യൂദാ
,, പി. ജെ. അബ്രഹാം
,, വി. എം. ചാക്കൊ ബി. എ., എൽ. ററി.
,, ജി. അലക്സാണ്ടർ ബി. എ.
,, സി. കെ. തോമാസു ബി. എ., എൽ. ററി.
,, പി. ചെറിയാൻ ബി. എ.,
,, ററി. എൻ. കുര്യൻ ബി. എൽ.
,, കെ. ജെക്കോബു ബി. എ., ബി. എൽ., (സെക്രട്ടറി).

ഡിസ്ത്രിക്ട്കൌൺസിലുകൾ

ത്രിശ്ശൂർ	മേലുകാവു	ഏററുമാനൂർ
കോട്ടയം	പള്ളം	തിരുവല്ലാ
മല്ലപ്പള്ളി	എലന്തൂർ	മാവേലിക്കര

വിദ്ദ്യാഭ്യാസസ്ഥാപനകൾ

വൈദികശിക്ഷാക്രമപാഠശാല—സി. എൻ. ഐ.

അദ്ധ്യക്ഷൻ—റവ. സി. കെ. ജെയിക്കോബു ബി. എ.

പ്രഥമാദ്ധ്യാപകൻ—മിസ്റ്റർ കെ. വി. മത്തായി ബി. എ., എൽ. ററി.

കോളജ്—കോട്ടയം

അദ്ധ്യക്ഷൻ—മിസ്റ്റർ സി. കെ. തോമാസു ബി. എ., എൽ. ററി.

പ്രഥമാദ്ധ്യാപകൻ—മിസ്റ്റർ പി. എം. കുര്യൻ ബി. എ., എൽ. ററി., (ഹൈസ്കൂൾ).

ബിഷോപ്പു ഹോഡ്ജസ് ഇംഗ്ലീഷ് ഹൈസ്കൂൾ—മാവേലിക്കര

പ്രഥമാദ്ധ്യാപകൻ—മിസ്റ്റർ കെ. എം. തോമാസു ബി. എ., എൽ. ററി.

ത്രിശ്ശിവപേരൂർ ഇംഗ്ലീഷ് ഹൈസ്കൂൾ

പ്രഥമാദ്ധ്യാപകൻ—മിസ്റ്റർ സി. കോരുള ജോൺ ബി. എ., എൽ. ററി.

മല്ലപ്പള്ളി ഇംഗ്ലീഷ് ഹൈസ്കൂൾ

പ്രഥമാദ്ധ്യാപകൻ—മിസ്റ്റർ എം. ഇ. ജോർജ്ജ് ബി. എ., എൽ. ററി.

ബെയിക്കർസ്മാരക ഇംഗ്ലീഷ് ഹൈസ്കൂൾ—കോട്ടയം

അദ്ധ്യക്ഷ—മിസ്സ് ജി. ഇ. മീഗർ ബി. എ.

സൂപ്രണ്ടു—മിസ്സ് ഐ. എ. ബെയിക്കർ

ബുക്കാനാൻ പാഠശാല—പള്ളം

അദ്ധ്യക്ഷ—മിസ്സ് കെ. എം. റിച്ചാർഡ്സ്

പ്രഥമാദ്ധ്യാപികി—മിസ്സ് മറിയം ബെഞ്ചമിൻ ബി. എ., എൽ. ററി.

ഇംഗ്ലീഷ് മിഡിൽസ്കൂളുകൾ

പള്ളം, ഉഴശ്ശ, തലവടി, പുതുപ്പള്ളി, എലന്തൂർ, കോട്ടകുളഞ്ഞി, കററാനം, നെടുങ്ങാടപ്പള്ളി, പുന്നവേലി, മുണ്ടക്കയം.

നാട്ടുഭാഷാപള്ളിക്കൂടങ്ങൾ—൩൭൩.

പെൺകുട്ടികൾക്കുള്ള കമ്മ്യൂനിററിസ്കൂൾ—വാരിക്കാട്ട്

മാനേജർ—മിസ്സ് ഇ. ജെ. നിവു

അസിസ്റ്റണ്ടു—ആർ. ജോസേപ്പു ബി. എ.

ആൺകുട്ടികൾക്കുള്ള കമ്മ്യൂനിററിസ്കൂൾ—റാന്നി

കൈത്തൊഴിൽ ശാലകൾ

(൧) ആൺകുട്ടികൾക്കുള്ള കൈത്തൊഴിൽശാല—കോട്ടയം.

(൨) നെയ്ത്തുശാല—തിരുവല്ലാ.

കൊച്ചിതിരുവിതാംകൂർ മഹായിടവകയുടെ ൧൯൨൮-ലേക്കുള്ള റിപ്പോർട്ട്

മുഖവുര

മഹായിടവക ക്രമീകരണം. ൧൯൨൮-ാമാണ്ട്, കൊച്ചിതിരുവിതാംകൂർ സഭയുടെ ചരിത്രത്തിൽ ഒരു പ്രധാന കാലഘട്ടത്തെ കുറിക്കുന്നതാണ്. പുതിയ ഭരണഘടന അനുസരിച്ചു രൂപീകരിച്ചിട്ടുള്ള മഹായിടവകകൌൺസിൽ, അതിൻെറ കമ്മട്ടികൾ, ബോർഡുകൾ, ഡിസ്ത്രിക്ട് കൌൺസിലുകൾ, സ്ഥലകമ്മട്ടികൾ ഇവയെല്ലാം അതതിൻെറ പ്രവൃത്തി ആരംഭിച്ചതു് റിപ്പോർട്ടുവൎഷത്തിലാണ്. ആണ്ടവസാനത്തോടടുത്തു ഒരു പുതിയ മഹായിടവകകൌൺസിൽ രൂപീകരിക്കപ്പെട്ടു. പ്രസ്തുത കൌൺസിലിൻെറ ഒരു യോഗം ൧൯൨൮ ഡിസംബർ ൨൭-ം ൨൮-ം തിയ്യതികളിൽ കൂടുകയുണ്ടായി. അന്നത്തെ കൌൺസിലിൽവെച്ചു സ്റ്റാണ്ടിംഗ് കമ്മട്ടി അംഗങ്ങളെ തിരഞ്ഞെടുക്കുകയും മററു പ്രധാനമായ പല ജോലികൾ നിൎവ്വഹിക്കുകയും ചെയ്തു. ഇങ്ങനെ ഇതുവരെയും ചർച്ച് മിഷ്യൻസമൂഹത്തിൻെറ അധികാരത്തിലും ഭരണത്തിലും ഇരുന്ന സഭ യഥാൎത്ഥമായി സ്വദേശസഭയുടെ അധീനതയിൽ വന്നുചേൎന്നു. ഈ പുതിയ ഏപ്പാടു ഫലകരമായിതിരണമെങ്കിൽ പലപല കമ്മട്ടികളിലും ബോർഡുകളിലും ഉള്ള അംഗങ്ങൾ സഭയുടെ നന്മയെ മാത്രം ഉദ്ദേശിച്ചു, സ്വാൎത്ഥലാഭവും ജാതിപരമായ മനഃസ്ഥിതിയും പരിത്യജിക്കേണ്ടതാണ്.

മഹായിടവകയെ ഒമ്പതു ഡിസ്ത്രിക്ട് കൌൺസിലുകളായി ഭാഗിച്ചതു റിപ്പോർട്ടുവൎഷത്തിലാണ്. ഈ കൌൺസിലുകൾ കൂടി അതതു ഇടവകകളിലെ ആവശ്യങ്ങളെക്കുറിച്ചു വേണ്ടപോലെ ആലോചിച്ചു തീരുമാനിക്കയും അടങ്കൽ തുകകളെ യഥായോഗ്യം വീതിക്കയും ചെയ്തു.

മഹായിടവക കൌൺസിലിൻെറ സ്റ്റാണ്ടിംഗ് കമ്മട്ടി പ്രസ്തുത ആണ്ടിൽ നാലുപ്രാവശ്യം കൂടിട്ടുണ്ട്. അമ്പതോളം വരാവുന്ന അംഗങ്ങളുടെ നിരന്തര ഹാജർ മുപ്പത്തൊന്നു ആയിരുന്നു. മഹായിടവക ബോർഡുകൾ ക്രമമായി കൂടുകയുണ്ടായി. സ്റ്റാണ്ടിംഗ് കമ്മട്ടിയുടെയും ബോർഡുകളുടെയും നടപടിച്ചുരുക്കം കൌൺസിൽ അംഗങ്ങൾക്കെല്ലാവൎക്കും അയച്ചുകൊടുക്കുന്നതിനു വേണ്ട ചട്ടംകെട്ടുകൾ ചെയ്തിരുന്നു. സ്റ്റാണ്ടിംഗ് കമ്മട്ടി പ്രസ്തുത ആണ്ടിൽ ചെയ്ത പ്രധാന സംഗതികൾ താഴെ പറയുന്നവയാണ്: ഭരണഘടനയിൽ ചില ഭേദഗതികൾ ചെയ്യുന്നതിനു ശുപാൎശി ചെയ്തു; മഹായിടവക ട്രസ്റ്റ് അസ്സോസ്സിയേഷൻ റജിസ്റ്റർചെയ്യുന്നതിനു അനുമതി നല്കി; പള്ളിഫീസുകളിൽ ചില വ്യത്യാസങ്ങൾ വരുത്തുന്നതിനു ശുപാൎശി ചെയ്തു; മഹായിടവക ജൂബിലി ആഘോഷിക്കുന്നതിനു വേണ്ട ചട്ടംകെട്ടുകൾ ചെയ്തു; ഇവ കൂടാതെ മററും സാധാരണമായ പല ജോലികളും കമ്മട്ടി നിൎവ്വഹിച്ചിട്ടുണ്ട്.

പട്ടക്കാരുടെ ധ്യാനയോഗം. പട്ടക്കാൎക്കുവേണ്ടിയുള്ള ഒരു ധ്യാനയോഗത്തോടുകൂടെ പ്രസ്തുത ആണ്ടു ആരംഭിച്ചതു ഉചിതമായി. ഈ യോഗം നടത്തുന്നതിനു വന്നതു ബോംബയിലെ (ഇപ്പോൾ നാസിക്കിലെ) ബിഷോപ്പായ ലോയിഡ് തിരുമനസ്സായിരുന്നു. അദ്ദേഹം ദീൎഘസഞ്ചാരം ചെയ്തു, ഈ യോഗം നടത്തുന്നതിനായി ഇത്രടം വന്നതിൽ കാണിച്ച ഉപകാരത്തെ നാം കൃതജ്ഞതാപൂൎവ്വം സ്മരിക്കേണ്ടതാണ്.

ബിഷോപ്പന്മാരുടെ സുന്നഹദോസും ജെനറൽ കൌൺസിലും. ബിഷോപ്പന്മാരുടെ സുന്നഹദോസും ജെനറൽ കൌൺസിലും ആണ്ടാരംഭത്തിൽ കല്ക്കത്തായിൽ കൂടി. പൊതുപ്രതിനിധിസഭയിലേക്കു നമ്മുടെ മഹായിടവക പ്രതിനിധികളായി ബിഷോപ്പുതിരുമേനിയെ കൂടാതെ ആർച്ച്ഡീക്കൻ ബെഞ്ചമിൻ അച്ചനും, സി. കെ. ജെയിക്കോബച്ചനും, റാവുബഹദൂർ ജോൺകുര്യൻ അവർകളും, മിസ്റ്റർ കെ. ജെയിക്കോബു അവർകളും പോയിരുന്നു. പ്രസ്തുത ആണ്ടു ഫെബ്രുവരി ൨-ാംനു മുതൽ ൮-ാംനു വരെ യോഗങ്ങൾ തുടർന്നു നടന്നുകൊണ്ടിരുന്നു. ഇണ്ട്യൻചർച്ച്ബിൽ, ഇണ്ട്യൻ ചർച്ച്മെഷർ എന്നീ നിയമങ്ങൾ നടപ്പിൽ വന്നതിൽപ്പിന്നെ ആദ്യം കൂടിയ യോഗം ഇതായിരുന്നതുകൊണ്ടു ഇണ്ട്യൻസഭയ്ക്കു ലഭ്യമായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിചാരം എല്ലാ അംഗങ്ങളുടെയും മനസ്സിൽ ശക്തിമത്തായി പ്രകാശിച്ചിരുന്നു. ഈ യോഗത്തിന്റെ മുഖ്യജോലി സുന്നഹദോസു മുതലായവയുടെ നവജീവനെ ക്രമപ്പെടുത്തുന്നതിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഭരണഘടനാ കാനോനാകൾ, ചട്ടങ്ങൾ എന്നിവയെ പരിഷ്കരിച്ചു പൂർത്തിവരുത്തുന്നതായിരുന്നു. കൌൺസിലിന്റെ വേറൊരു പ്രധാന ജോലി തെന്നിണ്ട്യായിലെ ആംഗ്ലേയ, വെസ്ലിയൻ, തെന്നിണ്ട്യാ ഐക്യസഭ തമ്മിൽ യോജിക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നതിനു നിയമിക്കപ്പെട്ട ജോയിൻറുകമ്മട്ടി സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളെ പരിഗണനം ചെയ്യുക ആയിരുന്നു. അവർ സമർപ്പിച്ച നിർദ്ദേശങ്ങളെ ചില ഭേദഗതികളോടുകൂടെ സഭ സ്വീകരിക്കയും കമ്മട്ടിയിലുള്ള ആംഗ്ലേയപ്രതിനിധികൾ, ആ അടിസ്ഥാനത്തിന്മേൽ തങ്ങളുടെ ജോലി തുടർന്നുകൊള്ളുന്നതിനു അവരെ ആജ്ഞാപിക്കയും ചെയ്തു.

യെരൂശലേം ആലോചനാസഭ. ൧൯൨൮ മാർച്ച് ൨൪-ാംനു മുതൽ ഏപ്രിൽ ൮-ാംനു വരെ യെരൂശലേമിൽവെച്ചു നടത്തപ്പെട്ട സർവ്വദേശപ്രതിനിധികളുടെ ആലോചനാസഭായോഗം മിഷ്യൻവേലയുടെ ചരിത്രത്തിൽ എത്രയും സർവ്വപ്രധാനമായ ഒരു സംഭവമാണ്. വ്യത്യസ്ഥങ്ങളായ അമ്പത്തൊന്നു രാജ്യങ്ങളിൽനിന്നു വന്നിരുന്ന ഇരുപത്താറു മിഷ്യൻസമൂഹങ്ങളുടെ പ്രതിനിധികളായ പൂർവ്വപശ്ചിമദേശീയരായ ക്രൈസ്തവനായകന്മാർ പ്രാർത്ഥനയോടും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും ഒരുമിച്ചുകൂടി, മിഷ്യൻസ്ഥാപനകൾക്കും സഭകൾക്കും പ്രകാശം കിട്ടേണ്ടിയിരുന്ന പല വിഷമസംഗതികളെക്കുറിച്ചു വാദപ്രതിവാദം നടത്തി. ഈ സർവ്വലോകസഭയിൽ തിരുവിതാംകൂറിന്റെ പ്രാതിനിധ്യം വഹിച്ചതു കോട്ടയം എം. ററി. സെമ്മനാരി അദ്ധ്യക്ഷൻ മിസ്റ്റർ കെ. കെ. കുരുവിള ആയിരുന്നു.

മെത്രാപ്പോലീത്താ തിരുമേനിയുടെ സന്ദർശനം. മെത്രാപ്പോലീത്താ തിരുമേനി നമ്മുടെ മഹായിടവകയെ സന്ദർശിക്കുക എന്നുള്ളതു വളരെ അപൂർവ്വവും പ്രാർത്ഥനാപൂർവ്വം പ്രതീക്ഷിച്ചിരിക്കുന്നതുമായ ഒരു സംഭവമാണ്. കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ ഇണ്ട്യയുടെ മെത്രാപ്പോലീത്താ നിരാന്തവന്ദ്യ ദിവ്യശ്രീ ഫോസ്സ് വെസ്റ്റ്കോട്ടു ഡി. ഡി. തിരുമേനിക്കു സ്വാഗതം ചൊല്ലി സ്വീകരിക്കുന്നതിനുള്ള പദവി നമ്മുടെ മഹായിടവകയ്ക്കു ലഭിച്ചു. അദ്ദേഹം തൃശ്ശിവപേരൂർ എത്തിയ നവംബർമാസം ൧൯-ാംനു മുതൽ ആലുവായിൽനിന്നു മദ്രാസിനു പുറപ്പെട്ട ഡിസംബർ ൩-ാംനു വരെ, അവിടുന്നു സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തെ ആഹ്ലാദത്തോടും ഹൃദയപൂർവ്വമായും സ്വാഗതം പറഞ്ഞു സ്വീകരിച്ചു. തിരുമേനി കല്ക്കത്തായിൽ ചെന്നു ചേർന്നതിന്റെ ശേഷം ഇവിടേക്കു അയച്ച സന്ദേശത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: 'സഭയിൽ ഉന്നതസ്ഥാനത്തേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഒരാളിനു, തിരുവിതാംകൂർ ക്രിസ്ത്യാനികൾ എത്രമാത്രം ഉത്സാഹത്തോടും ദയവോടും കൂടി

യാണു സ്വാഗതം നല്കുന്നതു എന്നുള്ള സജീവമായ ബോധത്തോടുകൂടിയാണ് ഞാൻ മടങ്ങിപ്പോന്നതു.' മെത്രാപ്പോലീത്താ തിരുമേനി ഇവിടെ താമസിച്ചിരുന്ന ചുരുങ്ങിയ കാലത്തിൽ ദീർഘമായ ഒരു കാര്യപരിപാടി അനുസരിച്ചുള്ള സകല ചടങ്ങുകളും നിർവിഘ്നം നടത്തുകയും മഹായിടവകയിലുള്ള പ്രധാനങ്ങളും പ്രാതിനിധ്യോദ്ദേശങ്ങളുമായ ചില വേലസ്ഥലങ്ങളെ സന്ദർശിക്കയും പല സ്ഥലങ്ങളിൽ നടത്തിക്കൊണ്ടുപോകുന്ന വേലയുടെ വിവിധസ്വഭാവത്തെ മനസ്സിലാക്കുകയും ചെയ്തു.

മഹായിടവകയുടെ വകയായി അവിടുത്തേക്കു കോട്ടയത്തുവെച്ചു ഒരു മംഗളപത്രം സമർപ്പിച്ചു. അതിൽ നമ്മുടെ സഭാചരിത്രത്തിലെ ശ്രദ്ധേയങ്ങളായ ലക്ഷണങ്ങളെ വിവരിച്ചിരുന്നു. മെത്രാപ്പോലീത്താ തിരുമേനി ഭദ്രാസനപ്പള്ളിയിൽ വെച്ചു പട്ടക്കാർക്കായുള്ള പ്രബോധനം നടത്തുകയും അനന്തരം സി. എൻ. പാഠശാലയോടു ചേർത്തു നൂതനമായി പണികഴിപ്പിച്ചിട്ടുള്ള ചാപ്പൽ പ്രതിഷ്ഠിക്കയും പട്ടക്കാർക്കുവേണ്ടി ഒരു ധ്യാനയോഗം നടത്തുകയും ചെയ്തു. തിരുമേനി കോട്ടയം കോളേജ് ദിനാഘോഷത്തിൽ ആദ്ധ്യക്ഷം വഹിച്ചു. സുറിയാനിസഭയിലെ മെത്രാപ്പോലീത്തന്മാർ തിരുമേനിയെ അവരുടെ വസതികളിൽ ഹൃദയപൂർവ്വം സ്വീകരിച്ചു.

കാൻറർബറി ആർച്ച്ബിഷോപ്പ്. ഇപ്പോൾ എണ്പതു വയസ്സുള്ള ഡാക്ടർ റണ്ടൽ ഡേവിഡ്സൻ തിരുമേനി ഇരുപത്തഞ്ചു വർഷക്കാലം കാൻറർബറി ആർച്ച്ബിഷോപ്പായിരുന്നശേഷം ഉന്നതമായ ആ സ്ഥാനം ൧൯൨൮ നവംബർ മാസം ൧൨-ാംനു രാജിവെച്ചു. പാർലിയമെൻറു പ്രഭുസഭയിൽ അദ്ദേഹത്തിനുള്ള സ്ഥാനം തുടർന്നുകൊണ്ടുപോകേണ്ടതിലേക്കായി അദ്ദേഹത്തിനു പ്രഭുസ്ഥാനം നല്കിയിരിക്കുന്നു. യോർക്കിലെ ആർച്ച്ബിഷോപ്പായ ഡോക്ടർ കോസ്മോ ഗോർഡൻ ലാങ്ങ് തിരുമേനിയെ കാൻറർബറി ആർച്ച്ബിഷോപ്പായി വാഴിച്ചിരിക്കുന്നു. മാഞ്ചെസ്റ്റർ ബിഷോപ്പായിരുന്ന വില്ല്യം ടെമ്പിൾ അവർകളെ യോർക്കിലെ ആർച്ച്ബിഷോപ്പായും കയററം ചെയ്തിരിക്കുന്നു.

ചരമം. ഈ മഹായിടവകയുടെ രണ്ടാമത്തെ ബിഷോപ്പായിരുന്ന ഡോക്ടർ ഇ. എൻ. ഹോഡ്ജസ് തിരുമേനി അദ്ദേഹത്തിൻെറ എണ്പതാമത്തെ വയസ്സിൽ നിര്യാതനായി. അദ്ദേഹം ൧൮൯൦-ൽ ബിഷോപ്പായി നിയമിക്കപ്പെട്ടു. ൧൯൦൪-ൽ അദ്ദേഹം ജോലി ഒഴിഞ്ഞുപോയി. അദ്ദേഹം തിരുവിതാംകൂർ കൊച്ചി ബിഷോപ്പായി നിയമിക്കപ്പെടുന്നതിനു മുമ്പു, മസൂലിപട്ടണം നോബിൾകോളേജിലും, കാണ്ടി ട്രിനിററികോളേജിലും അദ്ധ്യക്ഷനായിരുന്നു. 'ബിഷോപ്പ് ഹോഡ്ജസിൻെറ മരണവൃത്താന്തം, അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദയ, സൽഗുണസ്വഭാവം, ഫലിതോക്തി, ഉത്സാഹം, ഭക്തി, സഭയോടുള്ള സ്നേഹം, അതിൻെറ വളർച്ചയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ചെയ്തിട്ടുള്ള പരിശ്രമങ്ങൾ എന്നിവയുടെ സ്മരണകളെ പുതുക്കുന്നതിനുള്ള അവസരമായി ഭവിച്ചു.' അദ്ദേഹത്തിൻെറ ഭരണകാലത്തു സഭയ്ക്കു അനല്പമായ വളർച്ചയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിൻെറ ഉത്സാഹംമൂലമാണു അട്ടുർമിഷ്യൻ സ്ഥാപിതമായതു. കോട്ടയം കോളേജിനെ ഒരു രണ്ടാം ഗ്രേഡ് കോളേജാക്കി ഉയർത്തിയതു അദ്ദേഹത്തിൻെറ കാലത്താണ്. നമ്മുടെ പട്ടക്കാരുടെ കൂട്ടത്തിൽ ഇദംപ്രഥമമായി ഒരു ബി. എ.ക്കാരനു പട്ടംകൊടുത്തതും അദ്ദേഹമാണ്.

പാമ്പാടി ഇടവകപ്പട്ടക്കാരനായിരുന്ന റവ. സി. കെ. വറുഗീസു അച്ചൻ ൧൯൨൮ ഒക്ടോബർ ൧൩-ാംനു നിര്യാതനായി. അദ്ദേഹം ൧൮൯൭-ൽ കോട്ടയം കോളേജിൽനിന്നു മട്രിക്കുലേഷൻ പരിക്ഷ ജയിച്ചു. എട്ടു വർഷക്കാലം അദ്ധ്യാപകജോലി നോക്കിയശേഷം അദ്ദേഹത്തെ ൧൯൧൫-ൽ ഡിയാക്കനായും ൧൯൧൬-ൽ പ്രെസ്ബിറററായും നിയമിച്ചു. അദ്ദേഹം ഒരു ഇടവകപ്പട്ടക്കാരൻ എന്ന നിലയിൽ

ഒച്ചയും ആശയും ഒന്നുമുണ്ടാക്കാതെ സാവധാനത്തിൽ തന്റെ കൃത്യം ചെയ്തുകൊണ്ടിരുന്ന ഒരാളായിരുന്നു.

ശ്രീമാൻ പി. എം. ചാക്കൊ ൧൯൨൮ ഒക്ടോബർ ൯-ാംനു സ്വസ്ഥതയിൽ പ്രവേശിച്ചു. അദ്ദേഹം കോട്ടയം കോളെജ് വിദ്യാർത്ഥികളിൽ ആദ്യം ബി. എം. ജയിച്ചവരിൽ ഒരാളായിരുന്നു. ൧൮൮൮-ൽ അദ്ദേഹം കോളെജിന്റെ പ്രഥമാദ്ധ്യാപകനായി നിയമിക്കപ്പെട്ടു. അദ്ദേഹം മുപ്പതു വൎഷത്തോളം എത്രയും വിശ്വസ്തതയോടുകൂടി ജോലി ചെയ്തതിന്റെ ശേഷം ൧൯൦൦-ൽ ഉദ്യോഗം രാജികൊടുത്തു. വേലയൊഴിഞ്ഞു ജിവിച്ച കാലത്തും അദ്ദേഹം സഭയുടെ പല കമ്മററികളിലും ഭാഗഭാക്കായി പ്രവൎത്തിച്ചുകൊണ്ടിരുന്നു. മിഷ്യനറി കൊൺഫ്രൻസ്, മഹായിടവക കൌൺസിൽ, ബോൎഡുകൾ മുതലായവയുടെ അംഗമായിരുന്നുകൊണ്ട്, പ്രായാധിക്യം വകവെക്കാതെ, സഭയുടെ നന്മയ്ക്കുവേണ്ടി പ്രവൎത്തിച്ചിട്ടുള്ള ഒരു ആളായിരുന്നു അദ്ദേഹം.

മിസ്റ്റർ പി. എം. ചാക്കോയുടെ ചരമത്തിനു ശേഷം ഏറെത്താമസിയാതെ തന്നേ അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനും നമ്മുടെ പട്ടക്കാരുടെ കൂട്ടത്തിൽ പ്രായംകൂടിയ ആളുമായിരുന്ന റവ. പി. എം. കുര്യൻഅച്ചനും അവസാന വിളിയുണ്ടായി. സി. എൻ. ഐ.ൽ വൈദികാഭ്യസനം കഴിച്ചശേഷം അദ്ദേഹം ൧൮൭൨-ൽ ഡിയാക്കോനായും ൧൮൭൯-ൽ പ്രെസ്ബിററരായും നിയമിക്കപ്പെട്ടു. അദ്ദേഹം നമ്മുടെ മഹായിടവകയിലുള്ള പല ഇടവകകളിലും ഇടവകപ്പട്ടക്കാരനായിരുന്നിട്ടുണ്ട്. അദ്ദേഹം വേല ഒഴിഞ്ഞശേഷം മുമ്പു ഇടവകജോലി നോക്കിക്കൊണ്ടിരുന്ന സ്ഥലമായ നെടുങ്ങാടപ്പള്ളിൽ തന്നേ സ്ഥിരതാമസമാക്കി. അദ്ദേഹം ഒന്നാംതരം ഒരു ഹോമിയോപ്പതി വൈദ്യനായിരുന്നു. അദ്ദേഹം ൮൨-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ് നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു.

പട്ടക്കാരും പ്രവൎത്തകരും

റിപ്പോൎട്ടുവൎഷത്തിൽ സഭയ്ക്കു അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. പട്ടക്കാരുടെ സംഖ്യയിൽ ഏഴ ആളുകൾ കൂടിട്ടുണ്ട്. ഒരാൾ കുറച്ചുനാൾ ദിനത്തിൽ കിടന്നശേഷം മരിച്ചുപോയി. അത്മായപ്രവൎത്തകന്മാരുടെ തുകയിലും വൎദ്ധനവുണ്ടെന്നു അവശേഷത്തിൽ ചേൎത്തിരിക്കുന്ന കണക്കുകൊണ്ടു കാണാവുന്നതാണ്.

സി. എൻ. ഐ. സീനിയർ ഡിവിനിററിക്ലാസ്സിൽ പരിശീലനം സിദ്ധിച്ചുകൊണ്ടിരുന്ന മെസ്സേഴ്സ് കെ. വി. ഈപ്പനും പി. ഇ. വൎക്കിയും ൧൯൨൭ നവംബർ മാസത്തിൽ പഠിത്തം പൂൎത്തി ആക്കി. അവരിൽ ഒന്നാമത്തെ ആളിനെ വെള്ളൂത്തുരുത്തിയിലും രണ്ടാമനെ കൂത്താട്ടുകുളത്തും നിയമിച്ചു. അവരെ പിന്നിട് പട്ടത്തിനു എടുത്ത്, ജൂൺമാസത്തിൽ പട്ടംകൊടുത്തു വെള്ളൂത്തുരുത്തിയിലും എറികാട്ടും ഇടവകപ്പട്ടക്കാരായി നിയമിച്ചു.

സി. എൻ. ഐ.യിൽ ചുരുങ്ങിയ കാലത്തേക്കു വൈദികശാസ്ത്രപഠനത്തിൽ ഏൎപ്പെട്ടിരിക്കുന്നതായി കഴിഞ്ഞ ആണ്ടത്തെ റിപ്പോൎട്ടിൽ പ്രസ്താവിക്കപ്പെട്ടിരുന്ന ഉപദേശിമാർ മൂവരും അവരുടെ പരിശീലനം സെപ്തംബർമാസംകൊണ്ടു അവസാനിപ്പിച്ചു. ടി മാസം ൨൩-ാംനു മേലുകാവു പള്ളിയിൽവെച്ചു അവൎക്കു ഡിയാക്കോൻപട്ടം കൊടുത്തു. ഈ പട്ടംകൊടശുശ്രൂഷ ആ സ്ഥലത്തുവെച്ചു ആദ്യം നടത്തപ്പെട്ടതാകയാൽ മലയിടവകകളിലുള്ള അനവധി ആളുകൾ അത്യന്ത സന്തോഷസഹിതം അതിൽ സംബന്ധിച്ചിരുന്നു. അന്നു ഏകദേശം ൪൦൦ ആളുകൾ കൎത്താവിന്റെ അത്താഴം കൈക്കൊണ്ടു. അന്നു പട്ടം ഏററ റവ. എം. വി. പോത്തനെ

ചേലക്കൊമ്പിലും, റവ. പി. ഐ. ചെറിയാനെ ഏററുമാനൂരും, റവ. കെ. പി. ചാണ്ടിയെ ക്രൂവപ്പള്ളിയിലും ഇടവകപ്പട്ടക്കാരായി നിയമിച്ചു. തന്നാണ്ടിൽ താഴെപ്പറയുന്ന നിയമനങ്ങളും സ്ഥലംമാററങ്ങളും നടത്തുക ഉണ്ടായി:

റവ. ററി. ജെ. വക്കിയെ തൃശ്ശൂർനിന്നു കുഴിക്കാലായിക്കു.
„ പി. കെ. ചാണ്ടിയെ കുഴിക്കാലാനിന്നു തൃശ്ശൂൎക്കു.
„ എ. ജെ. കുര്യനെ ആപ്പുക്കരെനിന്നു കഞ്ഞിക്കുഴി ചാപ്പലിലേക്കും സി. എൻ. ഐ.യിലേക്കും.
മിസ്റ്റർ പി. പി. അപ്പിനെ എറികാട്ടുനിന്നു ആപ്പുക്കരയ്ക്കു.
„ പി. വി. ജോണിനെ ക്രൂവപ്പള്ളിൽനിന്നു മേലുകാവിനു.
„ കെ. ഐ. ഇട്ടിയെ ഏററുമാനൂർനിന്നു വളഞ്ഞവട്ടത്തിനു.

ആലുവാ സെററിൽമെൻറിൽ ജോലിനോക്കിവന്ന മിസ്റ്റർ എം. വി. ജോർജ്ജ് ബി. എ.യെ കല്ക്കത്താ ബിഷോപ്പ്സ് കോളജിൽ ചേൎത്തു പഠിപ്പിക്കുന്നതിനു ബിഷോപ്പുതിരുമനസ്സുകൊണ്ടു ശുപാൎശചെയ്തു.

വൈദികജോലിക്കു സമൎപ്പിച്ച ബോംബയി നഗരസഭാ ഇൻജിനിയർ കെ. കെ. തോമസു ബി. ഇ. അവർകളെ പട്ടത്തിനു സ്വീകരിക്കുന്നതിനു തിരുമാനിച്ചു. അദ്ദേഹത്തിൻെറ വൈദികശാസ്ത്രാഭ്യസനം രണ്ടുവൎഷം തനിച്ചും പിന്നീടു ഒരുവൎഷം കല്ക്കത്താ ബിഷോപ്പ്സ് കോളജിൽ ചേൎന്നു പഠിച്ചും പൂൎത്തിയാക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തു.

എറണാകുളത്തു ഉപദേശിയായിരിക്കുന്ന മിസ്റ്റർ സി. കെ. ജോണിനു പട്ടം കൊടുക്കുന്നതിനും മിസ്റ്റർ കെ. എം. മാത്തൻ ബി. എ.യെ വൈദികപരിശീലനത്തിനു എടുക്കുന്നതിനും സമ്മതി നല്കി.

മിസ്റ്റർ എ. എൻ. പോത്തൻ വേലയിൽനിന്നൊഴിഞ്ഞു.

മെസ്സേർസ് എ. ററി. ചാക്കോയും ഇ. ജെ. ഐസക്കും സി. എൻ. ഐ.യിലെ പരിശീലനം ഒക്ടോബർമാസംകൊണ്ടു പൂൎത്തിയാക്കി. അവൎക്കു പട്ടംകൊടുക്കുന്നതിനു അനുമതി നല്കി. അവരിൽ മിസ്റ്റർ ചാക്കോയെ നൂതനമായി രൂപികരിച്ചിട്ടുള്ള കുമ്പളാംപൊയ്ക ഇടവകയിലും, മിസ്റ്റർ ഐസക്കിനെ മിസ്റ്റർ സി. കെ. വറുഗീസിൻെറ സങ്കടകരമരണത്താൽ ഒഴിവായ പാമ്പാടി ഇടവകയിലും നിയമിച്ചു.

മൂന്നുവൎഷം മുമ്പു ആരംഭിച്ച 'പട്ടക്കാരുടെ കൂട്ടായ്മയോഗം' ശരിയായി നടത്തുന്നതിനു സാധിച്ചില്ല എന്നുള്ളതു എത്രയും അശുഭകരമാണ്. ഒന്നോ രണ്ടോ പ്രാവശ്യം ഈ കൂട്ടായ്മയോഗത്തിൽ സംബന്ധിച്ചിട്ടുള്ളവർ എല്ലാവരും അതുകൊണ്ടുണ്ടായിട്ടുള്ള പ്രയോജനങ്ങളെ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ഇങ്ങനെയുള്ള യോഗംകൊണ്ടു സമീപസ്ഥിതന്മാരായ പട്ടക്കാൎക്കു സഹോദരപ്രീതിയെ പോഷിപ്പിക്കുന്നതിനു ഇടകിട്ടുന്നു എന്നു മാത്രമല്ല അവൎക്കു പരസ്പരം നല്ലവണ്ണം മനസ്സിലാക്കി ഓരോരുത്തരുടെ പ്രയാസങ്ങളിൽ പ്രാൎത്ഥനയോടുകൂടി അനുകമ്പാപൂൎവ്വം സഹായിക്കുന്നതിനും സോത്സാഹം വായിച്ചുപഠിക്കുന്നതിനുള്ള തഴക്കം സിദ്ധിക്കുന്നതിനും അവസരം ലഭിക്കുന്നു. ഇതുപോലെയും മററുമുള്ള പല ഗുണങ്ങളെ വിചാരിച്ച്, പട്ടക്കാരുടെ കൂട്ടായ്മയോഗം, ഓരോ കൂട്ടവും ചുരുങ്ങിയപക്ഷം ആണ്ടിൽ നാലു പ്രാവശ്യമെങ്കിലും കൂടത്തക്കവണ്ണം പുനൎജ്ജീവിപ്പിക്കുന്നതിനു അത്യുത്സാഹം ചെയ്യേണ്ടതാണ്. നമ്മുടെ മഹായിടവകയിൽ ഉണൎവ്വും നവീകരണവും ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുന്നപക്ഷം, യോജിച്ചുള്ള പഠനവും പ്രാൎത്ഥനയും പട്ടക്കാരുടെ ഇടയിൽ

വളൎത്തുക എന്നുള്ളതാണ് നമ്മുടെ പ്രഥമധൎമ്മം. പട്ടക്കാരുടെ ജീവിതത്തിൽ ഈ കൂട്ടായ്മയോഗത്തിനു പ്രാധാന്യം കല്പിക്കുന്നതുവരെ സഭകളുടെ ആത്മീയജീവനെ വൎദ്ധിപ്പിക്കുന്നതിനു പ്രയാസമാണ്.

ഒരു വൎഷത്തേക്കുണ്ടായിരുന്ന തങ്ങളുടെ പരിശീലനകാലം മാൎച്ച് മാസത്തിൽ പൂൎത്തിയാക്കിയ ഇരുപതു ആശാൻ ഉപദേശിമാർ പല ഇടവകകളിലായി നിയമിക്കപ്പെടുകയും ഒരുകൊല്ലത്തെ പരിശീലനത്തിനായി വേറെ ഇരുപത്തിമൂന്നുപേരെ സ്വീകരിക്കയും ചെയ്തു. പതിമൂന്നു പ്രാഥമികാദ്ധ്യാപകന്മാരെ ശിക്ഷാക്രമപരിശീലനസ്ക്കൂളിൽ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാണ്ടിംഗ്കമ്മട്ടി തിരഞ്ഞെടുത്തു സമ്മതി നല്കിയ അഞ്ചാളുകളെ കഴിഞ്ഞ ജൂൺമാസത്തിൽ സീനിയർ വൈദികക്ലാസ്സിൽ ചേൎത്തു. പ്രാപ്തിയോടുകൂടി മേൽനോട്ടംചെയ്യുന്നതിനു സാധിക്കുമെന്നു കരുതി, കഴിഞ്ഞ റിപ്പോൎട്ടിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ചില വലിയ ഇടവകകളിൽനിന്നെടുത്തു, പുതുതായി ചില ഉപഇടവകകളെ രൂപീകരിച്ചിട്ടുണ്ട്. തന്മൂലം ഇടവകയിലും സ്ക്കൂളിലും ജോലിചെയ്തു തഴക്കംസിദ്ധിച്ചിട്ടുള്ള ആളുകൾക്കു നായകസ്ഥാനം വഹിക്കുന്നതിനു സൌകൎയ്യം ലഭിച്ചു.

ഇങ്ങനെ പുതുതായി രൂപീകരിച്ചിട്ടുള്ള ഉപഇടവകകളുടെ പേർ താഴെ കുറിക്കുന്നു :—

(1) കല്ലുമല (2) ബുധനൂർ (3) നെടുംപുറം (4) തിരുവഞ്ചൂർ (5) പള്ളാത്തുരുത്തി (6) കുഞ്ഞഴ.

വിദ്യാഭ്യാസയോഗ്യതയില്ലാത്തവർ എങ്കിലും ഇടവകജോലി നോക്കിവരുന്ന ക്രിസ്തീയപ്രവൎത്തകന്മാരുടെ പ്രയോജനത്തെ കരുതി സി. എൻ. ഐ.യിൽവെച്ചു ഒരു സമ്മർസ്ക്കൂൾ നടത്തുകയുണ്ടായി. ക്ഷണിക്കപ്പെട്ട ഇരുപത്തഞ്ചുപേരിൽ പതിമൂന്നുപേർ ഹാജരുണ്ടായിരുന്നു. അവൎക്കുവേണ്ടി രാവിലെയും വൈകുന്നേരത്തും ധ്യാനയോഗങ്ങൾ നടത്തുകയും ശേഷിച്ചസമയം പഴയനിയമം, പുതിയനിയമം, പ്രാൎത്ഥനപ്പുസ്തകം, ക്രിസ്തീയോപദേശസംഗ്രഹം, സാധാരണ ജീവിതത്തിൽ ആവശ്യം എന്നു തോന്നിയ മററുചില വിഷയങ്ങൾ എന്നിവയെ ക്രമമായി ക്ലാസ്സിട്ടു പഠിപ്പിക്കയും ചെയ്തു. പരീക്ഷാൎത്ഥം നടത്തിയ ഈ യോഗം വളരെ ഉപയോഗപ്രദമായി കണ്ടതുകൊണ്ടു ഇതു അടുത്തകാലങ്ങളിലും നടത്തുന്നതു കൊള്ളാം. തന്മൂലം വിദ്യാഭ്യാസയോഗ്യത അധികമില്ലാത്ത പ്രവൎത്തകന്മാർ കുറെക്കൂടെ ഫലകരമായ വിധത്തിൽ ജോലിചെയ്യുന്നതിനു കോപ്പുള്ളവരായിത്തിരുന്നതാണ്.

സഭാപ്രവൎത്തകന്മാരുടെ വാൎഷികയോഗങ്ങൾ സെപ്തംബർ ൧൭—൨൧ വരെയുള്ള തിയ്യതികളിൽ സി. എൻ. ഐ.യിൽവെച്ചു നടത്തപ്പെട്ടു. മഹായിടവകയുടെ പല ഭാഗങ്ങളിൽനിന്നായിട്ടു ൩൨൦ പ്രവൎത്തകന്മാർ ഹാജരുണ്ടായിരുന്നു. രാവിലെതോറുമുള്ള ധ്യാനയോഗങ്ങൾ ബിഷോപ്പുതിരുമേനി നടത്തി. പ്രഭാതജാഗരണത്തിൽ ആളാംപ്രതിയുള്ള വായനയിലും ധ്യാനത്തിലും സഹായമായിരിക്കുന്നതിനു യോനായുടെ പുസ്തകത്തിനു എഴുതീട്ടുള്ള കുറിപ്പുകൾ എല്ലാവൎക്കും കൊടുത്തിരുന്നു. ഒരുദിവസം ഉച്ചയ്ക്കുശേഷം ഡാക്ടർ സി. കെ. ജോൎജ്ജ് കൊക്കപ്പുഴുവിനെക്കുറിച്ചു ഒരു പ്രത്യേക പാഠവം പറഞ്ഞു. കഴിഞ്ഞ ആണ്ടത്തെ റിപ്പോൎട്ടിൽ പ്രസ്താവിച്ചിരുന്നതുപോലെ ഗ്രാമ്യസഭകളുടെ പ്രത്യേകാവശ്യത്തെ കരുതി തയ്യാറാക്കിയിരുന്ന ശുശ്രൂഷാസംഗ്രഹം ഈ യോഗങ്ങളിൽ ആണു പരസ്യമായി ഉപയോഗിപ്പാൻ തുടങ്ങിയതു.

പ്രവൎത്തകന്മാരുടെ വാൎഷിക വേദപാഠപ്പരിക്ഷ മാൎച്ച് മാസം ൨൩-ം, ൨൪-ം തിയ്യതികളിൽ നടത്തപ്പെട്ടു. പ്രാഥമികവാദ്ധ്യാന്മാരിൽ ൨൦ൻ പേർ മാത്രമേ പരീക്ഷയ്ക്കു ചേൎന്നുള്ളു. പരീക്ഷയെസംബന്ധിച്ചുള്ള നവീനചട്ടങ്ങൾ നടപ്പിൽവരുത്തി.

പ്രവൎത്തകന്മാരുടെ രക്ഷാഭോഗമുതലിനെക്കുറിച്ചുള്ള ചട്ടങ്ങൾ, ഡിസ്ത്രിക്ട് കൌൺസിലുകളുടെ അധിനതയിലുള്ള വാദ്ധ്യാന്മാൎക്കും പററത്തക്കവണ്ണം പരിഷ്കരിച്ചു. പ്രസ്തുത മുതലിലേക്കു പണം അടയ്ക്കുന്ന എല്ലാവൎക്കും സന്തോഷപ്പെട്ടുവരുന്ന പലിശ കൊണ്ടു പ്രതിഫലം കൊടുക്കാം എന്നു കാണുന്നു.

താഴെ ചേൎക്കുന്ന വിവരപ്പട്ടിക രസാവഹമായിരിക്കുമല്ലോ:—

	1927	1928
പട്ടക്കാർ	37	41
ഉപഇടവക ഉപദേശികൾ	2	6
സുവിശേഷകന്മാരും ഉപദേശിമാരും	71	75
ആശാൻ ഉപദേശിമാർ	230	285

സഭാജിവിതം

ഭൂപികരണം. കഴിഞ്ഞ ആണ്ടത്തെ റിപ്പോൎട്ടിൽ പ്രതിക്ഷിച്ചിരുന്നതു പോലെ മഹായിടവക പുതിയ ഭരണഘടന ആണ്ടാരംഭംമുതൽ നടപ്പിൽ വന്നു. കാരൊ സ്ഥലത്തെ കമ്മട്ടികളുടെ തിരഞ്ഞെടുപ്പും ഇടവകക്കമ്മട്ടികളുടെ ഭൂപീകരണവും പ്രസ്തുത ആണ്ടിൽതന്നെ നടത്തപ്പെട്ടു. യോഗ്യതയുള്ള സമ്മതിദായകന്മാരുടെ കുറവുകൊണ്ടു ഇങ്ങനെയുള്ള തിരഞ്ഞെടുപ്പു സാദ്ധ്യമല്ലാതെ വന്ന സ്ഥലങ്ങളിലെല്ലാം താല്ക്കാലികകമ്മട്ടികളെ നിയമിച്ചു. ഈ ആണ്ടിൽതന്നേ പുതിയ ചട്ടപ്രകാരമുള്ള മഹായിടവക കൌൺസിൽ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. മൂന്നു വൎഷത്തേക്കു നിലവിലിരിക്കുന്ന ഒരു പുതിയ സ്റ്റാണ്ടിംഗ്കമ്മട്ടിയെ ഈ യോഗം തിരഞ്ഞെടുത്തു. കൌൺസിൽയോഗങ്ങളിൽ ഹാജർ തൃപ്തികരമായിരുന്നു.

സ്റ്റാണ്ടിംഗ് കമ്മററി പ്രസ്തുതയാണ്ടിൽ നാലുപ്രാവശ്യവും ക്രിസ്ത്യയസാഹിത്യബോൎഡു ഒഴിച്ചുള്ള എല്ലാ ബോൎഡുകളും മൂന്നു പ്രാവശ്യവും കൂടുകയുണ്ടായി.

മുമ്പുണ്ടായിരുന്ന നാലു ഡിസ്ത്രിക്ട് കൌൺസിലുകളെ ആണ്ടാരംഭംതൊട്ടുതന്നേ ഒമ്പതായി ഭാഗിച്ചു. ഈ കൌൺസിലുകൾ നാല്പത്താറു ഇടവകകൾ ചേൎന്നുണ്ടായിട്ടുള്ളവയാണ്. ഇവയിൽ ആറെണ്ണം ഒഴിച്ചു ശേഷമുള്ളവയെല്ലാം പട്ടക്കാരുടെ ഭരണത്തിൽ ഇരിക്കുന്നവയാണു. ഒട്ടധികം ഉപസഭകളോടുകൂടിയ ചില ഇടവകകളിൽനിന്നെടുത്തിട്ടുള്ള നാലൊ അഞ്ചോ സഭകൾ കൂട്ടിച്ചേൎത്തു ചില ഉപഇടവകകളെ നിൎമ്മിച്ചിട്ടുണ്ടു. അവയുടെ ഭരണാധികാരം ഗ്രൂപ്പുപദേശിമാൎക്കു കൊടുത്തിരിക്കയാണ്. ഇങ്ങനെയുള്ള ഉപയിടവകകൾ ഇപ്പോൾ ഏഴ ആണു. അവയുടെ ഭരണത്തിനു നിയമിച്ചിട്ടുള്ളവരിൽ ഒരാൾ ഒഴിച്ചു ശേഷമുള്ളവർ എല്ലാവരും പ്രത്യേകവൎഗ്ഗത്തിൽപെട്ടവരും ആശാൻഉപദേശിമാരായിരുന്നു ജോലി പരിചയിച്ചിട്ടുള്ളവരും ആണു.

ബിഷോപ്പുതിരുമനസ്സുകൊണ്ടു ആറു ഡിസ്ത്രിക്ട് കൌൺസിലുകൾക്കും വേറെ വേറെ അഗ്രാസനന്മാരെ നിയമിച്ചു. ബാക്കിയുള്ള മൂന്നിന്റെ അഗ്രാസനരായി ആൎച്ച്ഡിക്കൻ ബഞ്ചമിൻ തല്ക്കാലം ജോലിനോക്കിവരുന്നു.

പ്രസ്തുതയാണ്ടിൽ ഡിസ്ത്രിക്ട് കൌൺസിൽ യോഗങ്ങൾ മൂന്നു പ്രാവശ്യം വിതം കൂടിട്ടുണ്ടു. ഈ യോഗങ്ങളിൽ പല ഇടവകകളുടെയും സ്കൂളുകളുടെയും ആവശ്യ

ങ്ങളെയും, കെട്ടിടപ്പണി, കേട്ടുപോക്ക് മുതലായവയ്ക്കു വേണ്ട അടങ്കൽതുകകളെ വിതിക്കുന്നതിനെയും, സ്റ്റാണ്ടിംഗ് കമ്മററിയോ ബോർഡുകളോ റിപ്പോർട്ടിനായി അയച്ചിട്ടുള്ള മററു സംഗതികളെയും കുറിച്ചു ആലോചിച്ചു തീരുമാനിച്ചു.

മഹായിടവകജോലികളെ സംബന്ധിച്ചു സാധാരണ പ്രസിദ്ധിപ്പെടുത്താറുള്ള വിവരപ്പട്ടിക താഴെ ചേർക്കുന്നു:—

		1927.	1928
വേലസ്ഥലങ്ങൾ		344	348
പള്ളികൾ		105	107
പ്രാർത്ഥനാലയങ്ങളും സ്കൂൾ കെട്ടിടങ്ങളും		232	242
പ്രവർത്തകന്മാർക്കുള്ള വീടുകൾ		259	279
പട്ടക്കാർ		37	41
സുവിശേഷകന്മാരും ഉപദേശിമാരും		71	72
ആശാൻ ഉപദേശിമാർ		280	285
സ്നാനം ഏററ	പുരുഷന്മാർ	18,856	19,695
	സ്ത്രീകൾ	18,990	19,702
	കുട്ടികൾ	34,605	36,114
	ആകെ	72,451	75,511
സ്നാനാർത്ഥികൾ		2,889	1830
തിരുവത്താഴ ഭോജനക്കാർ	പുരുഷന്മാർ	13,826	14,106
	സ്ത്രീകൾ	13,625	13,418
	ആകെ	27,451	27,524
കുടുംബങ്ങൾ		16,468	16,204
സ്നാനങ്ങൾ	പുരുഷന്മാരുടെ	444	345
	സ്ത്രീകളുടെ	430	313
	കുട്ടികളുടെ	2876	3093
	ആകെ	3750	3751
വിവാഹങ്ങൾ		1053	875
മരണം		1140	1046
സ്ഥിരീകരിക്കപ്പെട്ട	ആൺ	689	519
	പെൺ	605	470

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്കു മൊത്തത്തിൽ തൃപ്തികരമായിരിക്കുന്നു. എന്നാൽ 1927-ാമാണ്ടത്തെ കണക്കുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ മുതിർന്നവരുടെ സ്നാനത്തിൽ 216 പേരും സ്നാനാർത്ഥികളുടെ സംഖ്യയിൽ 1059 പേരും കുറവുള്ളതായി കാണുന്നു. സഭാലിസ്റ്റിൽ പേർ പതിപ്പിച്ചിട്ടുള്ള സ്നാനാർത്ഥികൾ കൈവിട്ടുപോകാതെയിരിപ്പാൻ തക്കവണ്ണം ശ്രദ്ധചെയ്യില്ല എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

പ്രസ്തുതയാണ്ടിൽ ബിഷോപ്പു പത്തു ഇടവകകളെ മുറപ്രകാരം സന്ദർശിച്ചതിനും പുറമേ, സ്ഥിരീകരണശുശ്രൂഷ നടത്തുന്നതിനായി ചില സ്ഥലങ്ങളിൽ പോയിട്ടുണ്ടു. തിരുമേനി ഏതെങ്കിലും ഒരു ഇടവക സന്ദർശിക്കുന്ന അവസരത്തിൽ ആ ഇടവകയിലുള്ള സകല ഉപസഭകളിലും പോവുക, അതതു സ്ഥലത്തുള്ള സ്കൂളുകളിൽ പരിശോധനകഴിക്കുക, പ്രവർത്തകന്മാർക്കായി ഒരു യോഗം നടത്തു

ക, ഭവനസന്ദൎശനം, വെളിംപ്രസംഗം ഇങ്ങനെയുള്ള ഏതെങ്കിലും ഒരു സുവിശേഷവേലയിൽ പങ്കുകൊള്ളുക എന്നീ കൃത്യങ്ങൾ അദ്ദേഹം ഒരു സ്ഥിരപ്രമാണമായി ആചരിച്ചുവന്നു. ഇപ്രകാരം പട്ടക്കാൎക്കു അനുകരണീയമായ ഒരു ദൃഷ്ടാന്തം അദ്ദേഹം കാണിച്ചുകൊടുത്തു.

ഈ ആണ്ടിൽ നടത്തപ്പെട്ടിട്ടുള്ള ഇരുപത്തുരണ്ടു സ്ഥിരീകരണശുശ്രൂഷകളിൽ 519 ആണുങ്ങളും 470 പെണ്ണുങ്ങളും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടു.

എല്ലാ സഭകളിലും ഞായറാഴ്ചശുശ്രൂഷകൾ മുടങ്ങാതെ നടത്തപ്പെട്ടിട്ടുണ്ടു. സന്ധ്യാശുശ്രൂഷകൾ വളരെ ദുൎല്ലഭമായിട്ടേ നടന്നിട്ടുള്ളു. മിക്ക ഇടവകകളിലും നോമ്പുകാലത്തും ആഗമനവേളയിലും ഇടദിവസങ്ങളിൽ ശുശ്രൂഷകൾ നടത്തപ്പെട്ടിട്ടുണ്ടു. പല ഇടവകകളിൽ ആത്മീയജീവന്റെ അഭിവൃദ്ധിക്കായി പ്രത്യേകയോഗങ്ങൾ നടത്തിട്ടുള്ളതായി കാണുന്നു. പ്രാൎത്ഥനയാൽ ഒരുങ്ങുന്നതിനു അധികം സമയം ചെലവിട്ടിരുന്നെങ്കിൽ ഈ യോഗങ്ങൾ കുറെക്കൂടെ ഫലപ്രദമായിത്തീരുമായിരുന്നു. മല്ലപ്പള്ളി, കൃഷ്ണപുരം, എരുമാപ്ര ഈ സ്ഥലങ്ങളിൽ മഹായോഗങ്ങൾ നടത്തപ്പെട്ടു. ആദ്യത്തെ രണ്ടു സ്ഥലങ്ങളിലും ഇതരസഭക്കാരും ധാരാളം സംബന്ധിച്ചിട്ടുണ്ട്.

ഡിസ്ട്രിക്ട് കൌൺസിലുകളുടെ അധീനതയിലുള്ള ഓരോ സഭയെയും പ്രാൎത്ഥനയോഗങ്ങൾ സൌകൎയ്യപ്രദമായി നടത്തത്തക്കവണ്ണം പല ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഇങ്ങനെയുള്ള യോഗങ്ങൾ പല സഭകളിലും ഏറക്കുറെ ക്രമമായി നടത്തപ്പെട്ടിട്ടുണ്ടു. ഈ യോഗങ്ങളെ ശരിയായി നടത്തുന്നപക്ഷം ആത്മീയജീവൻ അഭിവൃദ്ധിപ്പെടുന്നതിനും പരസ്പരമുള്ള കൂട്ടായ്മ ബലപ്പെടുന്നതിനും സ്വമേധാവേലയ്ക്കു ആളുകൾ മനസ്സുവെക്കുന്നതിനും സഹായപ്രദമായിത്തീരുന്നതാണ്.

പ്രവൎത്തകന്മാൎക്കുള്ള മാസാന്ത്യയോഗങ്ങൾ എല്ലാ ഇടവകകളിലും ക്രമമായി നടന്നിട്ടില്ല. ഒരു ഇടവകയിലുള്ള പ്രവൎത്തകന്മാർ ചുരുങ്ങിയപക്ഷം മാസത്തിൽ ഒരിക്കൽ എങ്കിലും ഒരുമിച്ചുകൂടുന്നതു വളരെ പ്രയോജനകരമാണ്. പട്ടക്കാരുമായി സഭക്കണക്കുകൾ തീൎക്കുന്നതിനു മാത്രമല്ല, പ്രാൎത്ഥനയിലും വേദപഠനത്തിലും കുറെ സമയം ഒരുമിച്ചു ചെലവുചെയ്യുന്നതിനും സഭാസംബന്ധമായി അടുത്ത മാസത്തിൽ നടത്തപ്പെടുവാനുള്ള ജോലികളെക്കുറിച്ചു പരസ്പരം ആലോചിച്ചു വേണ്ടവിധം പ്രവൎത്തിക്കുന്നതിനും അതുകൾ പ്രയോജനകരമായി ഭവിക്കുന്നതാണ്. ചില ഇടവകകളിൽ ഇപ്രകാരമുള്ള യോഗങ്ങൾ, വിശുദ്ധസംസൎഗ്ഗശുശ്രൂഷസഹിതം വളരെ കണിശമായി നടത്തപ്പെട്ടിട്ടുണ്ടു.

തന്നാണ്ടിൽ ൨൦൭ സഭാംഗങ്ങൾ ജാതികളുടെകൂടെ ചേൎന്നുകളഞ്ഞു. ഇപ്രകാരം സഭ വിട്ടുപോയവരുടെ സംഖ്യ അധികരിച്ചുകാണുന്നതു തിരുവല്ലാ കൌൺസിൽ സ്ഥലങ്ങളിലാണ്. കഴിഞ്ഞ ആണ്ടുകളിൽ പിന്മാറിപ്പോയിരുന്ന ൧൫൨ ആളുകളെ തിരികെ സഭയിൽ ചേൎത്തു. ൨൧൫ പേർ അന്യസഭകളിൽ ചേൎന്നതായി കാണുന്നു. ചിലയാളുകളെ സഭക്കുറത്തിനു ശിക്ഷിച്ചിട്ടുണ്ടു. പതിനൊന്നുപേരെ മുടക്കേണ്ടതായിട്ടും വന്നു. കുറെക്കാലം സസ്പെണ്ടിലോ മുടക്കിലോ നിൎത്തിയിരുന്ന ചിലരെ സഭയുടെ കൂട്ടായ്മയിൽ വീണ്ടും സ്വീകരിച്ചു.

പരിഷ്കരിച്ച വേദപഞ്ചാംഗത്തോടുകൂടിയ ഒരു ചുരുങ്ങിയ ശുശ്രൂഷക്രമം ഗ്രാമ്യസഭകളുടെ ഉപയോഗത്തിനായി പ്രസിദ്ധപ്പെടുത്തിട്ടുണ്ടു. ഇതു പല സഭകളിലും ഉപയോഗിച്ചുവരുന്നു. ഈ ശുശ്രൂഷക്രമത്തിന്റെ ശരിയായ ഉദ്ദേശ്യം മനസ്സിലാക്കാത്ത ചിലൎക്കു അതിനെക്കുറിച്ചു പ്രതികൂലാഭിപ്രായം ഉണ്ടായിട്ടുണ്ടു. ഇതു

പോലെയുള്ള ഒരു ശുശ്രൂഷക്രമം എത്രമാത്രം ജനസമ്മതം പ്രാപിക്കുമെന്നും അതു കൂടുതൽ ഉപകാരപ്രദമായിത്തീരത്തക്കവണ്ണം അതിൽ ഇനി എന്തെല്ലാം മാററുകയും കൂട്ടുകയും ചെയ്യണം എന്നും വിധിക്കാറായിട്ടില്ല.

വളഞ്ഞവട്ടംസഭയുടെ ഭരണം നടത്തിവരുന്ന മിസ്റ്റർ എം. എൻ. ചോത്തൻ ഉപദേശി മഹായിടവകയുടെ പല ഭാഗങ്ങളിൽ മുപ്പത്താറു വർഷക്കാലം വിശ്വസ്തതയോടെ ശുശ്രൂഷ നടത്തിയശേഷം തന്നാണ്ടിൽ വേലയിൽനിന്നൊഴിഞ്ഞു. നമ്മുടെ അത്മായ വേലക്കാരിൽ കൊല്ലാട്ടു ആശാൻഉപദേശി മിസ്റ്റർ എം. പി. കുഞ്ഞും കരുമാടി ഉപദേശി മിസ്റ്റർ എം. ടി. യോസേപ്പും തന്നാണ്ടിൽ മരണം പ്രാപിച്ചു. അവർ ഇരുപേരും ദീർഘകാലം സഭയെ സേവിച്ചിട്ടുള്ളവരാണ്.

മുതിർന്നവരുടെ സ്നാനം, ഒരു ഇടവകയുടെ സുവിശേഷവേലയിലുള്ള ശുഷ്കാന്തിയുടെ ഒരു ലക്ഷ്യമായി വിചാരിക്കാവുന്നതാണ്. പ്രസ്തുത ആണ്ടിൽ തലേയാണ്ടത്തേക്കാൾ മുതിർന്നവരുടെ സ്നാനം കുറവായിരുന്നു. എന്നുമാത്രമല്ല, അയിരൂർ, ഏററുമാനൂർ, പുതുപ്പള്ളി, കൂവപ്പള്ളി എന്നീ ഇടവകകളിൽ ഒരുത്തനെപോലും സ്നാനപ്പെടുത്തീട്ടില്ല. ആളുകൾ ഏററം കൂടുതലായി സ്നാനപ്പെട്ടതു പാമ്പാടി കൂത്താട്ടുകുളം ഇടവകകളിൽ ആണ്. കൂത്താട്ടുകുളത്തു പുതുതായി പല സ്ഥലങ്ങളിലും വേല തുടങ്ങുന്നതിനു സൌകര്യം ഉണ്ട്.

മഹായിടവകയിൽ സഭാക്രമീകരണം ഒരുവിധം പൂർത്തിയായിരിക്കുന്നു. സ്വയംഭരണവും ലഭിച്ചുകഴിഞ്ഞു. എന്നാൽ ശുശ്രൂഷകളിലുള്ള കുറഞ്ഞ ഹാജർ, പല സ്ഥലങ്ങളിൽ സുവിശേഷവേലയിലുള്ള മന്ദത, ദൈവവേലയ്ക്കു കൊടുക്കുന്നതു ഒരു പദവിയും മുറയും ആകുന്നു എന്നു മനസ്സിലാക്കിട്ടില്ലാത്ത ഒട്ടുവളരെ സഭാംഗങ്ങൾ—ഇവയെല്ലാം കൂട്ടിയാലോചിക്കുമ്പോൾ മഹായിടവക ഒട്ടുക്കു ആത്മീയജീവനു ഉണർവുണ്ടാകേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. മഹായിടവകരൂപീകരണത്തിന്റെ ജൂബിലിയാഘോഷം സ്തോത്രത്തിനുള്ള ഒരു അവസരം എന്നുമാത്രമല്ല, സഭ വിശ്വസ്തതയേറിയ ഒരു സാക്ഷി ആയിത്തീരത്തക്കവണ്ണം ദൈവം തന്റെ ആത്മാവിനെ അതിന്റെ മേൽ ധാരാളം പകരുന്നതിനു ശുഷ്കാന്തിയോടും വിശ്വാസത്തോടും പ്രാർത്ഥിക്കുന്നതിനുള്ള ഒരു വിളിയും ആകുന്നു എന്നു ധരിച്ചിരിക്കേണ്ടതാണ്.

സ്ത്രീകളുടെ ഇടയിലുള്ള വേല

മാതൃസംഘം. തന്നാണ്ടിൽ സംഘത്തിനു സംഖ്യാവർദ്ധനയുണ്ടായിട്ടുണ്ടു. ഹൈറേഞ്ചിൽ മൂന്നു ശാഖാസംഘങ്ങൾ പുതുതായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഗ്രാമ്യസ്ത്രീകളിൽ ചിലക്കു സംഘത്തിന്റെ അംഗങ്ങളായിത്തീരുന്നതിനുള്ള ആഗ്രഹം വർദ്ധിച്ചുവരുന്നതായി കാണുന്നു. ആശാന്മാരോ സ്വമേധവേലക്കാരികളായ സ്ത്രീകളോ അവരെ ക്രമമായി പഠിപ്പിച്ചതുകൊണ്ടായിരിക്കാം ഇങ്ങനെ ഒരു ആഗ്രഹം അവരിൽ അങ്കുരിച്ചതു. കഴിഞ്ഞയാണ്ടിൽ മാതൃസംഘം ചെയ്ത പ്രധാന കൃത്യം, ഓരോ കൌൺസിൽഅതൃത്തിയിലും ആലോചനസഭകൾ കൂട്ടുക എന്നുള്ളതായിരുന്നു. ഓരോ ഇടവകയിൽനിന്നും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദങ്ങൾ നടത്തി. 'മതസംബന്ധമായ വിദ്യാഭ്യാസത്തിനു ഭവനത്തിലുള്ള സ്ഥാനം', 'സ്വഭാവപരിശീലനം', 'ശുചി', 'ഞായറാഴ്ചയാചാരം', 'പ്രാർത്ഥനയ്ക്കും വേദാദ്ധ്യയനത്തിനുമുള്ള കൂട്ടങ്ങൾ' ഇത്യാദി—

കൂട്ടം കൂടി വാദപ്രതിവാദം നടത്തുന്ന നവീനസമ്പ്രദായം ആളാംപ്രതിയുള്ള ആലോചനയെ നന്നായി ഊർജ്ജിതപ്പെടുത്തി. പ്രസ്തുതയാണ്ടിൽ പല പുതിയ ചെ

രുപുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധിപ്പെടുത്തുന്നതിനു സാധിച്ചു. ചിതറിപ്പാൎക്കുന്ന ആംഗ്ലേയവനിതകളുടെ ആവശ്യത്തെ കരുതി ഒരു പുസ്തകസഞ്ചയം ഉണ്ടാക്കുന്നതിനായി മാതൃസംഘത്തിന്റെ തലസ്ഥാനത്തുനിന്നും കുറെ പുസ്തകങ്ങൾ സൌജന്യമായി അയച്ചുതന്നു.

ശാഖാസംഘങ്ങളുടെ മുഖ്യാവശ്യം വേലയുടെ ആത്മികവശം ശക്തിപ്പെടുത്തുകയാണെന്നും സംഘത്തിന്റെ ആദൎശങ്ങളെ വ്യാപൃമാക്കുന്നതിനു ഓരോ അംഗവും എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നും ബോദ്ധ്യമായി.

ഓരോ ശാഖാസംഘവും തലേ ആണ്ടുകളെ അപേക്ഷിച്ചു പ്രസ്തുതയാണ്ടിൽ സമീപസ്ഥലങ്ങളിലുള്ള സഭക്കാരെ സഹായിക്കുന്നതിനും ധൈൎയ്യപ്പെടുത്തുന്നതിനുമായി കൂടുതൽ സന്ദൎശനങ്ങൾ നടത്തീട്ടുണ്ടു്.

ഗ്രാമ്യപ്രവൎത്തനം. ഗ്രാമങ്ങളിലുള്ള വേല പലവിധത്തിൽ വളൎന്നുകൊണ്ടിരിക്കുന്നു എന്നു റിപ്പോൎട്ടുകളിൽ കാണുന്നു. സഞ്ചാര മിഷ്യനറിസ്ത്രീകളും അവരുടെ തുണയാളികളും ബെഥേൽആശ്രമപ്രവൎത്തകളും ക്രമമായി സന്ദൎശനം നടത്തീട്ടുണ്ടു്. നവംബർമാസത്തിൽ മിസ്സ് നീവ് അവധി കഴിഞ്ഞു തിരികെ വന്നു ജോലിയിൽ പ്രവേശിച്ചതു സന്തോഷകരംതന്നെ.

എല്ലാ സഭകളിലുമുള്ള സ്ത്രീകളുടെ ഇടയിൽ പ്രാൎത്ഥനയ്ക്കും വേദപഠനത്തിനുമുള്ള യോഗങ്ങൾ നടപ്പിൽ വരുത്തുന്നതിനു വേലക്കാർ ശ്രമിച്ചുവരുന്നു എന്നാൽ ഇങ്ങനെയുള്ള യോഗങ്ങൾ നടപ്പിൽ വരാത്ത പല സഭകൾ ഇനിയും ഉണ്ടു്. യോഗം നടത്തീട്ടും ഗുണമൊന്നും കാണാത്ത ചില സ്ഥലങ്ങളും ഉണ്ടു്.

വളൎച്ചയ്ക്കുള്ള പ്രധാന തടസ്സങ്ങൾ താഴെ പറയുന്നവയാണ് എന്നു തോന്നുന്നു: (1) സ്ത്രീകളുടെ അക്ഷരജ്ഞാനമില്ലായ്മ (2) അവരെ പഠിപ്പിച്ചും സഹായിച്ചും മുമ്പോട്ടു കൊണ്ടുപോകുന്നതിനു ത്രാണിയുള്ള നടത്തിപ്പുകാരുടെ കുറവും. തൽപരിഹാരാൎത്ഥം നാനാമുഖേനയുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. തങ്ങളുടെ ഭൎത്താക്കന്മാർ ജോലിചെയ്യുന്ന സഭകളിലുള്ള സ്ത്രീകളെ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു പ്രാപ്തരായിത്തീരണം എന്നുദ്ദേശിച്ചു്, ശിക്ഷാക്രമപരിശീലനത്തിലിരിക്കുന്ന അദ്ധ്യാപകന്മാരുടെ ഭാൎയ്യമാരെ, സി. എൻ. ഐ. യിലും ബെഥേൽആശ്രമത്തിലും ചേൎത്തു കുറച്ചുകാലം ക്ലാസിട്ടു പഠിപ്പിച്ചിട്ടുണ്ടു്.

മാതൃസംഘാംഗങ്ങളും സ്ഥിരപ്രവൎത്തകകളും ചെയ്യുതിനു പുറമെ ബുക്കാനാൻ പാഠശാലയിൽനിന്നും ബേക്കർസ്മാരകസ്ക്കൂളിൽനിന്നും അദ്ധ്യാപികമാരും വിദ്യാൎത്ഥികളും ഞായറാഴ്ചകളിൽ ചില ഉപസഭകളെ സന്ദൎശിച്ചു സ്ത്രീകൾക്കായി യോഗങ്ങൾ നടത്തീട്ടുണ്ടു്.

നായികകളായിരിപ്പാൻ കൊള്ളാവുന്ന ചിലരെ ഓരോ സഭയിൽനിന്നും തിരഞ്ഞെടുത്തു പരിശീലിപ്പിക്കുന്നതിനായി ആറൊ ഏഴൊ കേന്ദ്രസ്ഥാനങ്ങളിൽ അദ്ധ്യയനക്ലാസ്സുകൾ നടത്തീട്ടുണ്ടു്. അതുമൂലം ചിലേടങ്ങളിൽ നല്ല ഫലമുണ്ടായിട്ടുമുണ്ടു്. ഒരു സ്ഥലത്തുള്ള ചില സ്ത്രീകൾ കൂട്ടമായി ഇടവകയിലെ മറെറാരു സഭയിലുള്ള സ്ത്രീകളെ ചെന്നു കണ്ടു പഠിപ്പിക്കയും അവരോടുകൂടി പ്രാൎത്ഥിക്കയും ചെയ്തുകൊണ്ടു അവരും വേലയ്ക്കു ധൈൎയ്യപ്പെടുകയും മററുള്ളവരുടെ ഗുണത്തിനായി പരിശ്രമിക്കയും ചെയ്യാറുണ്ടു്.

വേലക്കാരുടെ കൈവശം വേദപുസ്തകവും മററു പുസ്തകങ്ങളും ഉണ്ടെങ്കിൽ ആളുകൾ അവയെ ധാരാളം വാങ്ങിക്കാറുണ്ടു്. എന്നാൽ പുസ്തകങ്ങൾ ഉള്ളവർ

അതുകളെ ദിവസേന വായിക്കുന്നതിനും ചെറുപ്പക്കാർക്കുവേണ്ടി—പ്രത്യേകം സ്ക്കൂൾ വിട്ടുപിരിഞ്ഞ പെൺകുട്ടികൾക്കുവേണ്ടി—വേദപഠനക്ലാസ്സുകൾ നടത്തുന്നതിനും ഉത്സാഹിപ്പിക്കേണ്ടതു അത്യാവശ്യമാണ്.

വൈദ്യശാലമുഖേനയുള്ള വേല. വാഴൂർ എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന ആസ്പത്രി തന്നാണ്ടിൽ പത്തു മാസം പ്രവൃത്തിനടത്തി. ഈ കാലത്തിനിടയിൽ ൨,൩൬൭ രോഗികൾ അവിടെനിന്നും ഔഷധങ്ങൾ വാങ്ങി ഉപയോഗിച്ചു എന്നുള്ളതുതന്നെ അതിൻെറ ആവശ്യകതയെ വിശദീകരിക്കുന്നു. ഈ രോഗികളിൽ മൂന്നിൽ രണ്ടു ഭാഗത്തിലധികം പേർ അധഃകൃതവർഗ്ഗത്തിൽ പെട്ടവരായിരുന്നു. രോഗികൾക്കു താമസിക്കുന്നതിനായി പന്ത്രണ്ടു കിടക്കകൾ വീതമുള്ള മൂന്നു മുറികൾ ജൂലായിമാസത്തിൽ തയ്യാറാക്കി. ആസ്പത്രി പരസഹായം കൂടാതെ നടത്തിക്കൊണ്ടുപോകത്തക്ക സ്ഥിതിയിൽ ഇരിക്കുന്നു. എന്നാൽ പരിചാരികകൾക്കു ശമ്പളത്തിനു പണമില്ല. പ്രസ്തുത ആണ്ടിൽ പ്രസവസംബന്ധമായ ഉപദേശം കൊടുപ്പാൻ പരിശീലിപ്പിച്ചിട്ടുള്ള ഒരു പ്രവർത്തകയും പരിശീലനത്തിനായി വന്നിട്ടുള്ള രണ്ടു പെൺകുട്ടികളും ആസ്പത്രിയിൽ ഉണ്ടായിരുന്നു. കരുണാലയത്തിൽ താമസിച്ചു ചികിത്സിപ്പിച്ചതിനാൽ ശരീരത്തിനു ബലവും സുഖവും പുതുകിക്കിട്ടിയതോർത്തു നമ്മുടെ വാദ്ധ്യാന്മാരുടെ ഭാര്യമാരിൽ പലരും കൃതജ്ഞതയുള്ളവരായിരിക്കുന്നു.

പ്രാഥമികശുശ്രൂഷ, കുട്ടികളെ സംരക്ഷിക്കുന്ന വിധം മുതലായി സ്ത്രീകൾ സാധാരണ അറിഞ്ഞിരിക്കേണ്ട ഏതാനും വിഷയങ്ങളെക്കുറിച്ചു മിസ്സ് നൈററ് നമ്മുടെ ചില സ്ഥാപനങ്ങളിൽവെച്ചു വിലയേറിയ ഉപദേശങ്ങൾ നല്കിട്ടുണ്ട്.

ഇതുകൾക്കും പുറമെ, വനിതാസാമൂഹ്യസേവനസഖ്യതാസംഘത്തിൻെറ ആഭിമുഖ്യത്തിൽ ചെറിയ കുഞ്ഞുങ്ങൾക്കു രോഗശുശ്രൂഷാസംബന്ധമായ ഉപദേശം കൊടുക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇന്നാട്ടിലുള്ള കുഞ്ഞുങ്ങളുടെ അകാലമരണത്തെ തടുക്കുന്നതിനും രോഗകാരണങ്ങൾ മനസ്സിലാക്കുന്നതിനും കേന്ദ്രസ്ഥാനങ്ങളിൽ ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ധാരാളം ഉണ്ടാകേണ്ടതാണ്.

ബെഥേൽ ആശ്രമം. പ്രസ്തുത ആണ്ടിൽ ഇരുപത്തഞ്ചുപേർ ആശ്രമത്തിൽ പഠിച്ചിരുന്നു. അവരിൽ നാലുപേർ വാദ്ധ്യാന്മാരുടെ ഭാര്യമാരും ആറുപേർ മതാവലംബികളും ആയിരുന്നു. സ്നാനാർത്ഥികളായിരുന്ന രണ്ടുപേരെ സ്നാനപ്പെടുത്തി. അവരിൽ ഒരാളെ ക്രിസ്തീയവേലയ്ക്കു അയച്ചു. സഭയിലുള്ള സ്ത്രീകളെ സ്ഥിരീകരണത്തിനും സ്നാനാർത്ഥികളെ സ്നാനത്തിനും ഒരുക്കുന്നതിനു തന്നാണ്ടിൽ പ്രത്യേകം ശ്രദ്ധപതിച്ചു. സുവിശേഷവേല ക്രമമായി നടത്തപ്പെട്ടു. പല സ്ഥലങ്ങളിലുള്ള സവർണ്ണരും അവർണ്ണരുമായ അക്രൈസ്തവരുടെ വീടുകൾ സന്ദർശിച്ചു ഗുണദോഷം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അഞ്ചുപേർ സ്നാനത്തിനു പഠിക്കയും പല ആളുകൾ ക്രൈസ്തവമതസാരങ്ങളെ പരിശോധിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

ആശ്രമപ്രവർത്തകകൾ മററു പല കൊൺഫ്രൻസുകളിലും പങ്കെടുക്കയും ചില യോഗങ്ങൾ നടത്തുന്നതിനു വേണ്ട ചട്ടംകെട്ടുകൾ ചെയ്കയും ചെയ്തു. മലബാർ വിദ്യാർത്ഥിനി കൊൺഫ്രൻസു, മല്ലപ്പള്ളി, തിരുവല്ലാ, എരുമാപ്ര എന്നീ സ്ഥലങ്ങളിൽവെച്ചു നടത്തപ്പെട്ട മാതൃസംഘയോഗങ്ങൾ, അദ്ധ്യാപികകൾക്കായി നടത്തപ്പെട്ട കന്നിയോഗങ്ങൾ, ബി. ഐ., ബി. എച്ച്. എന്നീ സ്ക്കൂളുകളിൽവെച്ചു പെൺകുട്ടികൾക്കായി നടത്തപ്പെട്ട യോഗങ്ങൾ, മാർത്താണ്ഡത്തും കോഴിക്കോട്ടും വെച്ചു നടത്തപ്പെട്ട വിദ്യാഭ്യാസകൊൺഫ്രൻസു—ഇങ്ങനെയുള്ള പലതിലും അവർ പങ്കെ

ടുത്തിട്ടുണ്ട്. ഇവയെല്ലാം പുറമെ, പലവിധത്തിലുള്ള തർജ്ജിമജ്ജോലികൾ ധാരാളം ചെയ്യുക, സണ്ടെസ്കൂൾ, സാധാരണ സ്കൂളുകൾ എന്നിവയ്ക്കുവേണ്ട പാഠപദ്ധതി നിർമ്മാണത്തിൽ സഹകരിക്കുക എന്നുവേണ്ടാ സഭയിലും ഇടവകയിലുമുള്ള വേലയിൽ അവക്കു സൌകര്യം ലഭിച്ച എല്ലാററിലും സഹായിക്കുന്നതിനു അവർ സന്നദ്ധരായിരുന്നു.

കുട്ടികളുടെ ഇടയിലുള്ള വേല

സണ്ടെസ്കൂൾ. താഴെ കാണിച്ചിരിക്കുന്ന കണക്കിൽനിന്നു നമ്മുടെ സണ്ടെസ്കൂളുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്.

		പള്ളിക്കൂടങ്ങൾ	382
അദ്ധ്യാപകന്മാർ		ആൺ	1201
		പെൺ	185
വിദ്യാർത്ഥികൾ	ക്രൈസ്തവർ	ആൺ	8694
		പെൺ	6788
	അക്രൈസ്തവർ	ആൺ	1144
		പെൺ	621
		ആകെ	17,247

സണ്ടെസ്കൂൾസമാജത്തിന്റെ വേല, കുട്ടികളുടെ ഇടയിലെ വേലയ്ക്കു ചുമതലപ്പെട്ടിരിക്കുന്ന ബോർഡിന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു. തന്നാണ്ടിൽ ബോർഡിന്റെ രണ്ടു യോഗങ്ങൾ മാത്രമേ നടന്നിട്ടുള്ളു.

സണ്ടെസ്കൂൾ ദിനം. ഇണ്ട്യാ സണ്ടെസ്കൂൾസമാജത്തോടു നമ്മുടെ സമാജത്തെ സംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നു സണ്ടെസ്കൂൾദിനം ആഘോഷിക്കണം എന്നുള്ളതാണ്. ഈ ദിനം ഒക്ടോബർമാസം ൧൮-ാംനു- ആഘോഷിക്കപ്പെട്ടു. ആഘോഷദിവസം ഒരു സ്തോത്രകാഴ്ച എടുക്കയും അതിൽ പകുതി ഇണ്ട്യാ സണ്ടെസ്കൂൾസമാജത്തിനു കൊടുക്കയും ചെയ്തു.

ഇൻസ്പെക്ടർമാരുടെ കൊൺഫ്രൻസ് സെപ്തംബർ ൨൦-ാംനു- ക്രിസ്തീയപ്രവർത്തകന്മാരുടെ വാർഷികയോഗസമയത്തു സി. എൻ. ഐ.യിൽവെച്ചു നടത്തപ്പെട്ടു. ഈ യോഗത്തിൽ സംബന്ധിച്ച ഇൻസ്പെക്ടറന്മാരുടെ സംഖ്യ കുറവായിരുന്നു എങ്കിലും സണ്ടെസ്കൂൾ വേലയോടു എടപാടുള്ള ക്രൈസ്തവപ്രവർത്തകന്മാരിൽ ഒട്ടധികംപേർ അതിൽ സംബന്ധിച്ചിരുന്നു. ചില ഇടവകകളിൽ ഇൻസ്പെക്ടറന്മാർ നല്ല വേല ചെയ്തതായി റിപ്പോർട്ടുകളിൽ കാണുന്നു. സണ്ടെസ്കൂൾവേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുപയുക്തങ്ങളായ പല ആലോചനകൾ യോഗത്തിൽ പ്രസ്താവിക്കപ്പെടുകയും പിന്നീടു അതുകളെ ബോർഡിനു സമർപ്പിക്കയും ചെയ്തു.

സണ്ടെസ്കൂൾ പദ്ധതിയെ കുറെക്കൂടെ ഉറപ്പായ മാർഗ്ഗത്തിൽ ക്രമീകരിച്ചുകൊണ്ടുപോകുന്നതിനു ആവശ്യമുള്ള മുതൽ സണ്ടെസ്കൂളുകളിൽനിന്നു തന്നേ ശേഖരിക്കുന്നതിനു ഇദംപ്രഥമമായി ശ്രമിച്ചുനോക്കി. സണ്ടെസ്കൂളിലെ കുട്ടി ഒന്നിനു ഒരു ചക്രംവീതം ആണ്ടുവരി പിരിക്കുന്നതിനു ബോർഡും ഡിസ്ത്രിക്ട് കൌൺസിലുകളും അനുവാദം കൊടുത്തു. ഈ അഭിപ്രായം ഐകകണ്ഠ്യേന എല്ലാവരും സ്വീകരിച്ചതാണെങ്കിലും മുതൽശേഖരം ആശിച്ചിരുന്നതുപോലെ ധൈര്യപ്രദമായിരുന്നില്ല.

കഴിഞ്ഞ ആഗസ്റ്റ്മാസത്തിൽ ജനറൽസിക്രട്ടറിയെ പരിശീലനത്തിന്നായി കുന്നൂരിലുള്ള സെൻറു അണ്ട്റൂ പരിശീലനശാലയിൽ അയച്ചിരുന്നു.

സണ്ടെസ്ക്കൂൾ കുട്ടികളെ പ്രായത്തിനു ഒത്തവണ്ണം ക്ലാസ്സു തിരിക്കയും അവൎക്കു പററിയ വിധത്തിൽ തരംതിരിച്ചിട്ടുള്ള പാഠപ്പുസ്തകങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തു. ഒരു ക്ലാസിൻെറ ഉപയോഗത്തിന്നായി പ്രതിമാസം കുറിപ്പുകൾ പ്രസിദ്ധപ്പെടുത്തി.

സണ്ടെസ്ക്കൂളുകളിൽ പ്രത്യേക ആരാധനപ്പുസ്തകം ഉപകരിക്കണമെന്നു നിൎബ്ബന്ധമാക്കി. ചെറിയ കുട്ടികൾക്കുവേണ്ടി കുറെക്കൂടെ ലളിതമായ ഒരു പാഠസഞ്ചയം തൎജ്ജിമചെയ്തു തയ്യാറാക്കി. എങ്കിലും അതിൻെറ പ്രസിദ്ധീകരണം അടുത്ത ആണ്ടത്തേക്കു മാററിവെച്ചു. ചില ഇടവകകളിൽ അദ്ധ്യാപകന്മാൎക്കു വേണ്ടി യോഗങ്ങളും ഒരുക്കക്ലാസുകളും മുടങ്ങാതെ ക്രമമായി നടത്തപ്പെട്ടു. മിക്ക സ്ഥലങ്ങളിലും പതിവുപോലെയുള്ള വാൎഷികയോഗങ്ങൾ ആഘോഷിക്കപ്പെട്ടു. ചിലപ്പോഴെല്ലാം ഐ. എസ്. എസ്. യൂ. പ്രവൎത്തകന്മാരുടെ സഹായങ്ങൾ ലഭിച്ചിരുന്നു. മുഴുവൻ സമയവും സമാജത്തിൻെറ പേൎക്കു ചെലവുചെയ്യാൻ തക്കവണ്ണം ഒരു സഞ്ചാരസിക്രട്ടറിയെ നിയമിക്കേണ്ട കാൎയ്യത്തെക്കുറിച്ചു കഴിഞ്ഞ ആണ്ടിൽ ആലോചിക്കയും ഇങ്ങനെ ഒരാളിനെ നിയമിക്കേണ്ടതു അത്യാവശ്യമാണെന്നു പരബോദ്ധ്യമാകയുംചെയ്തു എങ്കിലും പണദൌൎല്ലഭ്യംകൊണ്ടു അവധി കുറിക്കാതെ മാററിവെക്കേണ്ടിവന്നു.

നമ്മുടെ സണ്ടെസ്ക്കൂളുകളെ സജീവമാക്കുന്നതിനു ആവശ്യവും സൌകൎയ്യവും ധാരാളമുണ്ട്. ഇടവകവേലയുടെ ഒരു ഭാഗമായ ഇതിൽ കുറച്ചുകൂടി ശ്രദ്ധ പതിക്കുന്നപക്ഷം അതു അധികം തൃപ്തികരമായ വിധത്തിൽ അഭിവൃദ്ധിപ്പെടുന്നതാണ്.

കുട്ടികൾക്കായുള്ള മിഷ്യൻവേല. കുട്ടികൾക്കായുള്ള മിഷ്യൻ കഴിഞ്ഞയാണ്ടിൽ ചെയ്യുതുപോലെ മാൎത്തോമ്മാ ആംഗ്ലിക്കൻ സഭകളുടെ പ്രതിനിധികൾ അടങ്ങിയ ഒരു കമ്മററിയുടെ കീഴ്വരുതിയിൽ പ്രവൃത്തി നടത്തി. ആംഗ്ലേയ പ്രതിനിധികൾ റവ. സി. കെ. ജെയിക്കോബും, മിസ്റ്റർ ററി. ററി. മത്തായിയും മിസ്സ് ഇ. ജെ നീവും ആയിരുന്നു. തന്നാണ്ടത്തേക്കു റവ. സി. കെ. ജെയിക്കോബ് സൂപ്രണ്ടായിരുന്നു.

രണ്ടുവൎഷക്കാലം പ്രവൎത്തകന്മാരുടെ നായകനായിരുന്ന മിസ്റ്റർ കെ. വി. ചാക്കൊ എപ്രിൽമാസംമുതൽ വേലയിൽനിന്നൊഴിഞ്ഞിരിക്കയാണ്. അദ്ദേഹം ഇപ്പോഴും കുട്ടികളുടെ മാസികയുടെ പത്രാധിപത്യം ദയവായി കയ്യേററു, തൽസംബന്ധമായ ജോലി നടത്തുന്നുണ്ടു. നമ്മുടെ നാട്ടു ഒട്ടുക്കുള്ള കുട്ടികളും ബാല്യക്കാരും ഒരുപോലെ മാസികയെ വിലമതിച്ചുവരുന്നു. ഏഴായിരം മലയാളംവേദവായന കൎഡുകൾ അച്ചടിച്ചു വിററു. വേദവായനസംഘത്തിൻെറ അംഗങ്ങൾ സ്ഥിരമായി വൎദ്ധിച്ചുകൊണ്ടിരിക്കുന്നു.

കൊളമ്പിലെ സി. എസ്. എസ്. എം. പ്രവൎത്തകനായ മിസ്റ്റർ വിജയസിംഗ് ഈ പ്രദേശങ്ങളെ സന്ദൎശിച്ചു. അദ്ദേഹം ഇവിടത്തെ വേലക്കാരോടൊരുമിച്ചു ഒക്ടോബർ, നവംബർ മാസങ്ങളിൽ പല സ്ഥലങ്ങളിലും പ്രത്യേകയോഗങ്ങൾ നടത്തി. ഈ പ്രത്യേക യോഗങ്ങളിലും മാരാമണ്ണ മഹായോഗത്തിലും സംബന്ധിച്ചു പ്രവൎത്തിച്ചതു കൂടാതെ അവർ ആംഗ്ലേയ മാൎത്തോമ്മ സഭകളിൽപ്പെട്ട ജനങ്ങളുടെ പല ഇടവകകളിൽ സഞ്ചരിച്ച്, വൻ യോഗങ്ങൾ കുട്ടികൾക്കും, ഛായാദീപപ്രദൎശനയോഗങ്ങളും ഉച്ച യോഗങ്ങൾ സ്ത്രീകൾക്കും പള്ളിശുശ്രൂഷകളിലൊ പൊതുജനങ്ങളെ ഉദ്ദേശിച്ചോ നൂറു യോഗങ്ങളും നടത്തിട്ടുണ്ടു. പ്ര

വൎത്തകന്മാർ ആണ്ടിന്റെ പല ഭാഗങ്ങളിൽ ചില ഹൈസ്കൂളുകളിലും ബോർഡിങ്ങ്സ്കൂളുകളിലും താമസിച്ചു വേല ചെയ്തിട്ടുണ്ടു.

വിദ്യാഭ്യാസ പ്രവൎത്തനം.

വൈദികസ്കൂൾ. ൧൯൨൮ പല കാരണങ്ങളാൽ കേംബ്രിഡ്ജ്നിക്കോൾസൻ പാഠശാലയുടെ ചരിത്രത്തിൽ പ്രാധാന്യം വഹിക്കുന്ന ഒരാണ്ടാണ്. പ്രസ്തുത ആണ്ടിൽ വൈദികസ്കൂൾ സെറാമ്പൂർ കോളജിനോടു സംഘടിപ്പിക്കപ്പെടുകയും വിദ്യാൎത്ഥികളെ എൽ. ററി. പരീക്ഷയ്ക്കു ഒരുക്കുകയും ചെയ്തു. സംഘടനയുടെ ആവശ്യത്തിലേക്കു സി. എൻ. ഐ. യും മാൎത്തോമ്മാ വൈദികസിമ്മനാരിയും ഒന്നായിട്ടാണ് സെറാമ്പൂർകോളജ് അധികാരികൾ ഗണിച്ചിരിക്കുന്നതു്. ആണ്ടുമുഴുവൻ കെ. കെ. കുരുവിള എം. എ, ബി. ഡി. അവർകൾ സി. എൻ. ഐ. വിദ്യാൎത്ഥികൾക്കു മനഃശാസ്ത്രത്തിൽ പ്രസംഗം ചെയ്തു.

സി. എൻ. ഐ. യോടു ചേൎത്തു വിശേഷമായ ഒരു ചാപ്പൽ പണിയിക്കയും മെത്രാപ്പോലീത്താതിരുമേനി കോട്ടയം സന്ദൎശിച്ചപ്പോൾ അതു പ്രതിഷ്ഠിക്കയും ചെയ്തു. റിപ്പോൎട്ടുവൎഷത്തിൽ സ്കൂൾഫൈനൽപരീക്ഷാവിജയിയായ അധഃകൃതവൎഗ്ഗത്തിൽപെട്ട ഒരു യൌവ്വനക്കാരനെ ഇദംപ്രഥമമായി പട്ടക്കാൎക്കുള്ള ക്ലാസ്സിൽ ചേൎത്തു പഠിപ്പിച്ചുവരുന്നു.

കഴിഞ്ഞയാണ്ടു ഡിസംബർമാസത്തിൽ പൂനാമലിയിൽവെച്ചു നടത്തപ്പെട്ട വിശ്വവിദ്യാൎത്ഥികോൺഫ്രൻസിൽ സംബന്ധിക്കുന്നതിനു സി. എൻ. ഐ. യുടെ പ്രതിനിധികളായി നാലുപേരെ അയച്ചിരുന്നു. മിസ്സ് ബേക്കർ ഔദാൎയ്യപൂൎവ്വം അവരുടെ ചെലവു വഹിച്ചു.

വൈദികശാലയിൽ പഠിച്ചിറങ്ങിയ അഞ്ചുപേൎക്കു കഴിഞ്ഞയാണ്ടിൽ ഡിയാക്കോൻപട്ടം കൊടുത്തു.

മൂന്നു ശാഖകളിലായി പരിശീലനം സിദ്ധിച്ചുകൊണ്ടിരിക്കുന്ന സകല വിദ്യാൎത്ഥികൾക്കും വേണ്ടി മിസ്സ് നിവ്വ ഒരു ധ്യാനയോഗം നടത്തി.

പ്രായോഗികമായ വേലചെയ്യുന്നതിനു ധാരാളം നല്ല അവസരം വിദ്യാൎത്ഥികൾക്കു ലഭിക്കുന്നുണ്ടു്. കോട്ടയത്തുള്ള അധഃകൃതവൎഗ്ഗത്തിൽപെട്ട ക്രിസ്ത്യാനികൾക്കു ആവശ്യമുള്ള ശുശ്രൂഷകൾ ചെയ്ക, വെളിംപ്രസംഗം നടത്തുക, വൈക്കത്തഷ്ടമിക്കു പ്രസംഗിക്കുക, ആസ്പത്രിയിൽ കിടക്കുന്ന രോഗികളെ സന്ദൎശിക്കുക മുതലായ പല കാൎയ്യങ്ങളും അവർ ചെയ്യുന്നുണ്ടു്.

പരിശീലനത്തിലിരിക്കുന്ന വിദ്യാൎത്ഥികളുടെ ഭാൎയ്യമാരുടെ കാൎയ്യം വിസ്മരിച്ചിട്ടില്ല. അവൎക്കു മുഴുസമയം ചെലവുചെയ്തു ക്രമമായി ക്ലാസ്സു നടത്തുന്നതിനു ചുമതലപ്പെട്ട ഒരാളിനെ നിയമിച്ചുകൊള്ളുന്നതിനു വേണ്ട പണം ഇംഗ്ലണ്ടിലുള്ള ചില സ്നേഹിതന്മാർ അയച്ചുതരുന്നു. അവരെ ആഴ്ചയിൽ രണ്ടുതവണ വീതം പഠിപ്പിക്കുന്നതിനു ബി. എം. സ്കൂളിലെ ഒരു അദ്ധ്യാപികയെ മിസ്സ് മീഗർ വിട്ടുതരുന്നു. മുൻപറഞ്ഞ സ്ത്രീകളെ ഒരാഴ്ചത്തേക്കു ബുക്കാനാൻപാഠശാലയിൽ സ്വീകരിച്ചു അവൎക്കു വേണ്ടി പ്രത്യേക യോഗങ്ങൾ നടത്തി.

സി. എൻ. ഐ. ശിക്ഷാക്രമപരിശീലനസ്കൂൾ. ഇരുപത്തുമൂന്നു അദ്ധ്യാപകന്മാർ ആണ്ടുമുഴുവൻ പരിശീലനക്ലാസ്സിൽ ചേൎന്നുപഠിച്ചു. അവരിൽ ൧൮ പേർ പരീക്ഷയിൽ വിജയികളായി.

ഹെഡ്മാസ്റ്റർ അദ്ധ്യാപകന്മാൎക്കായി പല വിനോദയാത്രകൾ ചട്ടംകെട്ടി കൊടുത്തു. ഇങ്ങനെയുള്ള അവസരങ്ങൾ അവരുടെ പരിശീലനത്തിന്റെ ഉപയോഗപ്രദമായ ഒരു ഭാഗമാണെന്നു അനുഭവപ്പെട്ടുവരുന്നു.

ബുക്കാനാൻ ശിക്ഷാക്രമപരിശീലനസ്ക്കൂൾ. പരിശീലനനിവേദനം വാങ്ങുന്ന പതിനഞ്ചു അദ്ധ്യാപികകൾ ഉണ്ടായിരുന്നു. കൂടുതൽ പരിശീലനം സിദ്ധിക്കേണ്ടതിനായി മററു രണ്ടുപേരെ പ്രത്യേകം ചേൎത്തു. കഴിഞ്ഞ കൊല്ലത്തിൽ പരിക്ഷയ്ക്കു അയച്ചിരുന്ന പതിനേഴു പേരിൽ എട്ടുപേർ പൂൎണ്ണജയം പ്രാപിച്ചു.

പരിശീലനത്തിൽ ഇരിക്കുന്ന അദ്ധ്യാപികകൾക്കു സണ്ടെസ്ക്കൂൾവേലയിൽ സഹായിക്കുന്നതിനും സ്ത്രീകളോടും കുട്ടികളോടും ലളിതമായി പ്രസംഗിക്കുന്നതിനും അവസരം നല്കി.

അദ്ധ്യാപികകൾ ട്രെയിനിങ്ങുസ്ക്കൂളിൽ പ്രവേശിച്ചിട്ടു അധികം താമസിയാതെ അവൎക്കുവേണ്ടി ഒരു പ്രത്യേക യോഗം നടത്തുകയും അവർ സ്ക്കൂൾ വിട്ടുപോകുന്നതിനു മുമ്പു ഒരു ധ്യാനയോഗത്തിനു ചട്ടംകെട്ടുകയും ചെയ്തു.

സ്ക്കൂളിൽ താമസിച്ചുവരുന്ന പന്ത്രണ്ടു അദ്ധ്യാപികമാൎക്കു ബോർഡിങ്ങുസ്ക്കൂളിൽ പിടിപ്പതു ജോലിയുണ്ട്. അതിനുംപുറമെ, സണ്ടെസ്ക്കൂൾവേലയിൽ സഹായിക്കുന്നതിനും പള്ളം, വെള്ളൂത്തുരുത്തി ഇടവകകളിലുള്ള ഉപസഭകളിലെ സാധുക്കളുടെ വീടുകൾ സന്ദൎശിക്കുക, യോഗങ്ങൾ നടത്തുക മുതലായി പലതും പ്രവൎത്തിക്കുന്നതിനു അവൎക്കു അവസരം ലഭിച്ചിരുന്നു.

അട്ടൂർമിഷ്യനു പണസംബന്ധമായി നേരിട്ട ഞെരുക്കത്തിൽ സഹായിക്കുന്നതിനായി അദ്ധ്യാപികമാരും അദ്ധ്യേതാക്കളും ഒന്നുചേൎന്നു ഉററുപ്രയത്നിച്ചു. അവരുടെ പരിശ്രമഫലമായി, പല സ്ഥാപനകൾക്കും കൊടുത്തുവരാറുള്ള സാധാരണ വരികൾക്കും ദാനങ്ങൾക്കും പുറമെ അട്ടൂർമിഷ്യൻ ഫണ്ടിലേക്കു ൨൦൫ രൂപാ കൂടുതലായി പിരിച്ചു.

കഴിഞ്ഞ രണ്ടു വൎഷങ്ങളിൽ ചെയ്തതുപോലെ ഈ മൂന്നാമത്തെ ആണ്ടിലും മൎത്തോമ്മാ വനിതാമന്ദിരത്തിലെ വിദ്യാൎത്ഥിനികളെ ആറു ആഴ്ചവീതം പ്രത്യേകപരിശീലനത്തിനായി ഈ സ്ഥാപനത്തിൽ സ്വീകരിച്ചു.

മിസ്റ്റർ ററി. എൻ. ജോണിന്റെ പെട്ടെന്നുണ്ടായ മരണത്താൽ ഈ സ്ഥാപനത്തിനു നേരിട്ട നഷ്ടം ചില്ലറയല്ല. അദ്ദേഹം ഈ സ്ഥാപനത്തിനുവേണ്ടി അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരുന്ന ഒരാളാണ്. തന്നോടു പരിചയപ്പെടാൻ ഇടവന്നിട്ടുള്ള എല്ലാവരുടെമേലും നന്മയ്ക്കായി അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധിനശക്തി സീമാതിതമായിരുന്നു.

കോട്ടയം കോളെജ്

വിവരപ്പട്ടിക

വൎഷാന്ത്യം റജിസ്റ്റർസംഖ്യ	205
ക്രിസ്ത്യാനികൾ	143
അക്രൈസ്തവർ	62
ഇൻറർമിഡിയററുപരിക്ഷയ്ക്കു ചേൎന്നവരുടെ സംഖ്യ	74
പൂൎണ്ണ വിജയംപ്രാപിച്ചവരുടെ സംഖ്യ	39

ഒന്നാംക്ലാസ്സിൽ ജയിച്ചവരുടെ സംഖ്യ		9
പ്രത്യേക യോഗ്യതാർഹന്മാരുടെ	,,	26
അംശമായി ജയിച്ചവരുടെ	,,	19

ഇൻററർമിഡിയററു പരിക്ഷാഫലം, സംസ്ഥാനത്തുള്ള ഇതരസ്ഥാപനകളുടേതിനോടു താരതമ്യപ്പെടുത്തിനോക്കിയിട്ടു നന്നായിരിക്കുന്നു.

ഈ ആണ്ടിൽ പുതുതായി രൂപീകരിച്ചിട്ടുള്ള പാഠപദ്ധതി നടപ്പിൽവന്നു. ഇപ്പോൾ നാട്ടുഭാഷാപഠനം നിർബ്ബന്ധമാക്കിയിരിക്കുന്നു.

പ്രൊഫസ്സരന്മാർ. പ്രൊഫസ്സരന്മാരുടെ കാര്യത്തിൽ പ്രത്യേകമായി പ്രസ്താവിപ്പാനുള്ളതു മിസ്റ്റർ സി. കെ. തോമ്മാസു ബി. എ., എൽ. ററി.യെ പാഠശാലാദ്ധ്യക്ഷനായി സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്.

കഴിഞ്ഞ ആണ്ടിൽ പാഠശാലവക പുസ്തകസഞ്ചയം ഒരുവിധം നന്നായി വർദ്ധിപ്പിച്ചു. വായനശാലയും പുസ്തകസഞ്ചയവും വിദ്യാർത്ഥികൾ നന്നായി വിലമതിച്ചുവരുന്നതായി കാണുന്നു.

വാദപ്രതിവാദസംഘം ഉപയോഗപ്രദമായ പ്രവൃത്തി നടത്തി.

ഹോസ്റ്റലുകളിൽ അദ്ധ്യാപകന്മാരിൽ ചിലർകൂടി താമസിച്ചു മേൽനോട്ടം നടത്തി. ഹൈന്ദവവിദ്യാർത്ഥികൾക്കും ഹോസ്റ്റലുകളിൽ പ്രവേശംകൊടുത്തു.

വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമായിരുന്നു. പാഠശാലാഡോക്ടർ ആവശ്യംപോലെ ക്രമമായി ചികിത്സ നടത്തി.

റവ. ഇ. എൻ. സ്റ്റീയർ ചാപ്പലിലും ഹാളിലും ദൈവശുശ്രൂഷകൾ നടത്തി.

ബുധനാഴ്ച രാവിലെതോറുമുള്ള പ്രാർത്ഥനയിൽ മതത്തെയും സാമൂഹ്യാവസ്ഥയെയും കുറിച്ചുള്ള വിഷയങ്ങളെ ആസ്പദമാക്കി പ്രത്യേക പ്രസംഗങ്ങൾ പറഞ്ഞു. പ്രസിദ്ധന്മാരായ സന്ദർശകന്മാർ, വിദ്യാർത്ഥികൾക്കു പററിയ പ്രസംഗങ്ങൾചെയ്തു വേലയുടെ ഏത്രയും പ്രധാനമായ ഈ ശാഖയിൽ മയവായി സഹായിച്ചിട്ടുണ്ട്. സ്ഥലത്തു താമസക്കാരായ സ്നേഹിതന്മാരും ഈവിധം സഹായംചെയ്തിട്ടുണ്ട്.

കോളേജു അസ്സോസിയേഷ്യൻ പലവിധമുള്ള വേല വളരെ ഊർജ്ജിതമായി ചെയ്തു. ഈ വേലയിൽ റവ. ഇ. എൻ. സ്റ്റീയർ വളരെ കാര്യമായ വിധത്തിൽ പങ്കെടുത്തു. കരപ്പുറംമിഷ്യനിലുള്ള ഒരു സുവിശേഷകനെ അദ്ധ്യാപകന്മാരും വിദ്യാർത്ഥികളുംകൂടി സന്ധിച്ചുവരുന്നു.

പ്രസ്തുത ആണ്ടിൽ സർവ്വകലാശാല പരിശോധകക്കമ്മററി പാഠശാലയെ സന്ദർശിക്കയുണ്ടായി. കോളേജിനാഘോഷം സംബന്ധിച്ചു നടത്തിയ പരസ്യയോഗത്തിൽ ഇണ്ട്യാ സിലോൺ മെത്രാപ്പോലീത്താതിരുമേനി ആദ്ധ്യക്ഷംവഹിച്ചു.

അത്യാവശ്യം നേരിട്ടിരുന്നുകൊണ്ടു ചാപ്പൽ ഇപ്പോൾ പൊളിച്ചു കുറച്ചു വിസ്താരം കൂട്ടി പണിതുവരികയാണ്. പഴയ വിദ്യാർത്ഥികളും കോളേജിൻെറ സ്നേഹിതന്മാരും അതിൻെറ ചെലവിലേക്കു ഔദാര്യപൂർവ്വം പണസഹായം ചെയ്തു.

കോളേജിലെ മൂന്നു പൂർവ്വാംഗങ്ങളായ മിസ്റ്റർ പി. എം. ചാക്കൊ ബി. എ., മിസ്റ്റർ വി. കെ. സാമുവേൽ, മിസ്റ്റർ വി. പി. മാത്തൻ എന്നീ മഹാന്മാർ പ്രസ്തുത ആണ്ടിൽ ഇഹലോകവാസം വെടിഞ്ഞു. അവർ ഓരോവിധത്തിൽ കോളേജിനുവേണ്ടി വളരെ പ്രയത്നിച്ചിട്ടുള്ളവരാണ്.

ഹൈസ്ക്കൂളുകൾ	ആണ്ടവസാന രജിസ്റ്റർസംഖ്യ	ക്രിസ്ത്യാനികൾ	അക്രൈസ്തവർ	എസ്. എസ്. എൽ. സി. പരീക്ഷക്കയച്ചവർ	ജയിച്ചവർ
ബെയിക്കർസ്മാരകസ്ക്കൂൾ	345	294	57	24	17
ബി. എച്ച്. ഹൈസ്ക്കൂൾ	357	,,	,,	43	20
കോട്ടയം കോളജ് ഹൈസ്ക്കൂൾ	699	488	208	72	46
മല്ലപ്പള്ളി ഹൈസ്ക്കൂൾ	267	217	50	22	5
തൃശ്ശൂർ ഹൈസ്ക്കൂൾ	522	142	390	56	31

ബെയിക്കർസ്മാരക സ്ക്കൂൾ. തന്നാണ്ടിൽ നടന്ന പ്രധാന സംഗതികളുടെ കൂട്ടത്തിൽ സ്ക്കൂൾ ചാപ്പൽ പ്രതിഷ്ഠിക്കപ്പെട്ടതും മെത്രാപ്പോലീത്തായുടെ സന്ദർശനവും പ്രസ്താവയോഗ്യങ്ങളാണ്.

മാതൃദിനം ഈ ആണ്ടിലും വളരെ വിജയകരമായി കൊണ്ടാടി. വളരെ പ്രധാനമായി കരുതേണ്ട ഈ വാൎഷികസംഭവം സ്ക്കൂൾജോലിയിൽ പെൺകുട്ടികളുടെ മാതാപിതാക്കന്മാരുടെയും രക്ഷകൎത്താക്കളുടെയും അനുകമ്പാപൂൎവ്വമായ പക്ഷം സമ്പാദിക്കുന്നതിനു വളരെ പ്രയോജനമായി കാണുന്നു. അതുമൂലം കുട്ടികളുടെ ഇടയിലും ധൈൎയ്യവും സ്വാമിഭക്തിയും കൂടുതലായി ഉണ്ടാകുന്നതിനു ഇടയാകുന്നു.

അട്ടർമിഷ്യൻെറ പേൎക്കു പണം ശേഖരിക്കുന്നതിനു പ്രത്യേകോത്സാഹം ചെയ്തു്, ൩൦൦ രൂപാ പിരിച്ചു ആ മിഷ്യനു കൊടുത്തു. കൂടാതെ ബെഥേൽ ആശ്രമത്തിലേക്കും ൧൩൩ രൂപാ പിരിച്ചു അടച്ചു.

ക്രിസ്തുമസ്സ് അവധികാലത്തു ആണ്ടുതോറും നടത്തിവരാറുള്ള ക്യാമ്പുയോഗം കൂടി. പതിവുപോലെ ബെഥേൽ ആശ്രമവും അതിലെ പ്രവൎത്തകരും ക്യാമ്പുയോഗത്തിൽ സംബന്ധിച്ചവരെ അവരുടെ പ്രവൃത്തികളിൽ ഉത്സാഹിപ്പിക്കയും നടത്തുകയും ചെയ്തു.

സാധുസ്ത്രീകളെയും കുട്ടികളെയും ഉദ്ദേശിച്ചു പല ആണ്ടുകളായി നടത്തിവരാറുള്ള യോഗങ്ങൾമൂലം അദ്ധ്യാപികമാൎക്കും മുതിൎന്ന പെൺകുട്ടികൾക്കും ക്രിസ്തീയസേവയിൽ പരിശ്രമിക്കുന്നതിനു ഒരു അവസരംകൂടി ലഭിച്ചു.

മാവേലിക്കര ബിഷോപ്പു് ഹോഡ്ജസ്സ് ഹൈസ്ക്കൂൾ. ൧൩൩ രൂപായ്ക്കു പുതിയ പുസ്തകങ്ങൾ വാങ്ങി സ്ക്കൂൾ പുസ്തകസഞ്ചയത്തെ പുഷ്ടിപ്പെടുത്തി. സ്ക്കൂളിനോടു ചേൎത്തു ഉണ്ടാക്കിട്ടുള്ള പ്രവൃത്തിശാല (laboratory) യിൽ കൂടുതൽ സാമഗ്രികൾ സംഭരിച്ചിട്ടുള്ളതുകൊണ്ടു പ്രായോഗികപ്രവൃത്തിക്കു കുറെക്കൂടെ സൌകൎയ്യം ഉണ്ടാക്കിയതിൽ സ്ക്കൂൾ ഭാരവാഹികളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

മൂന്നാം ഫാറം കുട്ടികൾക്കു വേദനം നല്കുന്നതിനുള്ള സാമൎത്ഥ്യപരിശോധന പരിക്ഷയിൽ മൂന്നാം ഫാറത്തിലെ മൂന്നു കുട്ടികൾക്കു നിവേദനം ലഭിച്ചതു ശ്ലാഘനീയമായിരിക്കുന്നു.

ആണ്ടവസാനത്തിൽ സ്ക്കൂളിൻെറ ധനസ്ഥിതി തൃപ്തികരമായിരുന്നു. ൫൰൯ രൂപാ കടത്തോടുകൂടെയാണ് ആണ്ടു ആരംഭിച്ചതു എങ്കിലും ആണ്ടവസാനത്തിൽ ൯൭൦ രൂപാ മിച്ചമുണ്ടായിരുന്നു.

കോട്ടയം കോളെജ് ഹൈസ്ക്കൂൾ. പല പുതിയ പുസ്തകങ്ങൾ വാങ്ങി പുസ്തകസഞ്ചയത്തെ പുഷ്ടിപ്പെടുത്തി. ഒരു വായനശാല നടപ്പിൽ വരുത്തി. കുട്ടികൾക്കു വായനയിൽ അഭിരുചി ഉണ്ടാക്കുന്നതിനു അതു ഒരു ആരംഭമായി കരുതാം.

ഹൈസ്ക്കൂളിലെ ഓരോ ക്ലാസിനെയും ഉദ്ദേശിച്ചു മൂന്നു വാദപ്രതിവാദസംഘങ്ങൾ നടത്തപ്പെട്ടു. ഹൈന്ദവകുട്ടികളെ ആദ്യമായി ബോർഡിങ്ങ് സ്ക്കൂളിൽ സ്വീകരിച്ചതു കഴിഞ്ഞ ആണ്ടിൽ ആയിരുന്നു. കോളെജിലെപ്പോലെ ഹൈസ്ക്കൂളിലും വൈദ്യമേലന്വേഷണമുണ്ടായിരുന്നു.

മല്ലപ്പള്ളി ഹൈസ്ക്കൂൾ. സ്ക്കൂളിൻെറ നിലനില്പിനു ആവശ്യമെന്നു കണ്ട പുതിയ കെട്ടിടങ്ങളും സാമഗ്രികളും പ്രസ്തുത ആണ്ടിൽ ഉണ്ടാക്കുവാൻ സാധിച്ചതിൽ ഭാരവാഹികൾക്കു ചാരിതാർത്ഥ്യമുണ്ട്. ഒരു പ്രവൃത്തിശാല പുതുതായി പണിയിപ്പിക്കയും അതിൽ വേണ്ട സാമാനങ്ങൾ ശേഖരിക്കയും ചെയ്തു. കുറെ അധികം പുസ്തകങ്ങൾ വാങ്ങി പുസ്തകസഞ്ചയത്തെ ഗണ്യമാംവണ്ണം പുഷ്ടിപ്പെടുത്തി. സ്ക്കൂൾപുരയിടത്തിൽ ഒരു കിണർ കുഴിപ്പിച്ചു.

കഴിഞ്ഞ ആണ്ടിൽ സാഹിത്യസമാജവും വാദപ്രതിവാദസംഘവും നല്ല വേല ചെയ്തു.

കളികൾക്കു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എങ്കിലും വിദ്യാർത്ഥികളിൽ അധികംപേരും സ്ക്കൂളിൽനിന്നു വളരെ അകന്നു താമസിക്കുന്നതുകൊണ്ടു അവയിൽ വേണ്ടപോലെ പങ്കുകൊള്ളുന്നതിനു സാധിച്ചിട്ടില്ല.

കഴിഞ്ഞ ആണ്ടത്തെ സ്ക്കൂൾദിനാഘോഷത്തിൽ ബിഷോപ്പുതിരുമനസ്സുകൊണ്ടു ആദ്ധ്യക്ഷം വഹിച്ചതു അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ധൈര്യപ്രദമായിരുന്നു.

ത്രിശ്ശൂർ ഹൈസ്ക്കൂൾ. കഴിഞ്ഞ ആണ്ടിൽ സ്ക്കൂളിൻെറ ജോലി നടത്തിപ്പിൽ ഒരു വിഷമത നേരിട്ടു. ക്രിസ്തീയ അദ്ധ്യാപകന്മാർ എല്ലാവരും അവധി എടുത്തു സ്ക്കൂൾ വിട്ടുപോയ. ഇതു ഒരു വലിയ പ്രതിബന്ധമായി ഭവിച്ചു. പ്രത്യേകം വേദപാഠം പഠിപ്പിക്കുന്നതിനു ആൾ ഇല്ലാതെ ഭവിച്ചു.

അദ്ധ്യാപകന്മാർ യോജിച്ചു ഒരു അദ്ധ്യാപകസംഘം സ്ഥാപിച്ചു. അതു അത്യധികം ഊർജ്ജിതത്തിൽ ഇരിക്കുന്നു. സംഘം കോൺഫറൻസിനും ധ്യാനയോഗങ്ങൾക്കും ക്രമമായി കൂടുന്നുണ്ട്. സംഘാംഗങ്ങൾ പണം എടുത്തു വായനശാലയ്ക്കു വേണ്ടി മാസികകളും പുസ്തകങ്ങളും വാങ്ങുന്നു.

കളികളിൽ സ്ക്കൂൾ നന്നായിരിക്കുന്നു. ഒരു കുട്ടി മദ്രാസ് ഒളിമ്പിക്കു കളികളിൽ കൂടിട്ടു മൂന്നെണ്ണത്തിനു ഒന്നാമനായി. പന്തുകളിക്കാർ ഇൻറർസ്ക്കൂൾ മത്സരകളിയിൽ രണ്ടാം സമ്മാനപ്പാത്രം നേടി.

സ്ക്കൂളിലെ ഒരു പഴയ വിദ്യാർത്ഥിക്കു ഇന്ത്യൻ സിവിൾസർവ്വീസിൽ പ്രവേശം ലഭിച്ചു.

ഇന്ത്യാ സിലോൺ മെത്രാപ്പോലിത്താ തിരുമനസ്സുകൊണ്ടു സ്ക്കൂൾ സന്ദർശിച്ചതു അഭിമാനകരമായി. തദവസരത്തിൽ സ്ക്കൂളിൻെറ മാന്യ മിത്രങ്ങളായിരുന്ന

റവ. എഫ്. ബൌവർ, ശ്രീമാന്മാരായ പി. എ. സ്റ്റിഫൻ, സി. എസ്സ്. കൃഷ്ണഅയ്യർ എന്നി മഹാന്മാരുടെ എണ്ണഛായാപടങ്ങൾ അനാഛാദനം ചെയ്യപ്പെട്ടു.

ഇംഗ്ലീഷ് മിഡിൽസ്കൂളുകൾ

ഇംഗ്ലിഷ് മിഡിൽസ്ക്രൂളുകളുടെ എണ്ണം കഴിഞ്ഞ ആണ്ടിൽ ഉണ്ടായിരുന്ന പത്തു മാത്രമേയുള്ളു. ൧൦൭൭-ൽ കുട്ടികളുടെ ആകെത്തുക ൧,൨൩൬ ആയിരുന്നു. ൧൦൭൮-ൽ അവരുടെ സംഖ്യ ൧,൨൭൭ ആയി വർദ്ധിച്ചു. ഈ സ്ക്രൂളുകളിൽ പഠിച്ച കുട്ടികളെ താഴെക്കാണിച്ചിരിക്കുന്ന വിധത്തിൽ തരംതിരിക്കാം :—

	ആൺകുട്ടികൾ.	പെൺകുട്ടികൾ.
ആംഗ്ലേയക്കാർ	320	105
മററു ക്രിസ്ത്യാനികൾ	422	132
അക്രൈസ്തവർ	241	57
ആകെ	983	294

=1277.

ഗവമ്മെൻറിൽനിന്നു ചെറിയ ധനസഹായം പററിക്കൊണ്ടിരിക്കുന്ന രണ്ടു എണ്ണം ഒഴിച്ചു ബാക്കിയുള്ള എല്ലാ സ്ക്രൂളുകളും സ്ഥലത്തുള്ള വരുമാനംകൊണ്ടു നടത്തപ്പെടുന്നവയാണ്. ഈ സ്ക്രൂളുകളിൽ ആകെപ്പാടെ ൩൭ അദ്ധ്യാപകന്മാർ ഉള്ളവരിൽ ൨൬ പേർ ക്രിസ്ത്യാനികളും ശേഷമുള്ള ൧൧ പേർ ഹൈന്ദവരും ആണ്.

ഓരോ സ്ക്രൂളിൻെറയും ആലോചനക്കമ്മട്ടിയുടെ നടത്തിപ്പിനു വേണ്ട ചട്ടങ്ങൾ വിദ്യാഭ്യാസബോർഡു നിമ്മിച്ചിട്ടുണ്ട്.

നാട്ടുഭാഷാ മിഡിൽസ്കൂൾ

വിവരപ്പട്ടിക

വിദ്യാത്ഥികൾ

	ക്രിസ്ത്യാനികൾ	ക്രിസ്ത്വേതരന്മാർ	ആകെ	വി. എസ്സ്. എൽ. സി. പരിക്ഷയ്ക്കു അയയ്ക്കപ്പെട്ടവർ	വിജയികൾ
ബുക്കാനാൻ പാഠശാല	242	70	312	20	7
സി. എൻ. ഐ. വി. എം. സ്ക്രൂൾ	298	66	364	36	31
തിരുവല്ലാ ടി ടി	339	93	332	15	8
ആകെ	779	229	1008	71	46

തിരുവല്ലാ ആൺ വി. എം. സ്ക്കൂൾ. ഈ സ്ക്രൂളിൽ കരകൌശല പരിശിലനം നടത്തി. കുട്ടികൾ അതിൽ അതിയായ ഉത്സാഹം പ്രദശിപ്പിച്ചു.

അദ്ധ്യാപകസംഘം ഇവിടെയും സ്ഥാപിച്ച് ഉപയോഗപ്രദമായ വേല ചെയ്യും. വിദ്യാർത്ഥികൾക്കും സംഘമുണ്ടായിരുന്നു.

വെമ്പാലയും തിപ്പനിയിലും സണ്ടെസ്കൂൾ നടത്തുന്നതിനു ഈ സ്കൂളിൽനിന്നാണ് അദ്ധ്യാപകന്മാർ പോയിക്കൊണ്ടിരുന്നതു.

കുട്ടികൾ ദൈവവകയ്ക്കു കൊടുപ്പാൻ പരിശീലിക്കുന്നതു നല്ലതാണ്. അടുത്തു കരപ്പുറത്തു നടത്തുന്ന മിഷ്യൻവേലകൾക്കും വേദപുസ്തകസമൂഹം, സണ്ടെസ്കൂൾ മുതലായവയ്ക്കും അവർ കഴിവതുപോലെ സഹായിച്ചു. ക്രിസ്തീയവേലയ്ക്കു പണസഹായം ചെയ്വാൻ പ്രാപ്തരാകത്തക്കവിധത്തിൽ സ്വയം വഞ്ചിപ്പാൻ അവരെ അഭ്യസിപ്പിച്ചുവരുന്നു.

പെൺകുട്ടികൾക്കുള്ള ബെതേൽ കൊമ്മ്യൂനിററിസ്കൂൾ. മിസ്സ് ല്വയിസ് ഐസക്കിൻെറ മരണംമൂലം സ്കൂളിനു അതിയായ നഷ്ടം നേരിട്ടു. സ്കൂളിൻെറ ആദിമവഷങ്ങളിൽ പെൺകുട്ടികളെ സ്വാശ്രയം, സ്വയംഭരണം എന്നിവയിൽ പരിചയിപ്പിക്കുന്നതിനു അവർ നന്നായി പണിപ്പെട്ടു. അതുകൊണ്ടു അവരുടെ പിൻഗാമികൾക്കു തൃപ്തികരമായി ജോലി നടത്തിക്കൊണ്ടുപോകുന്നതിനു എളുപ്പമായി.

സ്കൂളിനു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ അംഗീകരണം സിദ്ധിച്ചു. ഇവിടെനിന്നും മററു സ്കൂളുകളിലേക്കു പോയ മൂന്നു പെൺകുട്ടികൾക്കു അവിടെ നല്ല ഒരു നില ലഭിച്ചു.

'പ്രോജക്ട് മെതെഡ്' എന്ന പഠനസമ്പ്രദായം വളരെ ഫലപ്രദമായി കണ്ടു. ക്ലാസ്സുകളെല്ലാം അവരവക്കുള്ള സൂത്രങ്ങളെ മനസ്സിലാക്കുന്നതിനു വാഞ്ഛയുള്ളവരായി കാണപ്പെട്ടു. അതുകളെ ഗ്രഹിക്കുന്തോറും കണക്കു, വായന മുതലായവയിൽ പ്രായോഗികമായ ജ്ഞാനം സമ്പാദിച്ചു.

ക്രമമായി കൊടുക്കുന്നതിനു കുട്ടികളെ പരിശീലിപ്പിച്ചു. അവരുടെ സഹായംപററിയ പലരുടെ കൂട്ടത്തിൽ ഒരാൾ പാളയംകോട്ടു കുരുടർസ്കൂളിൽ അയക്കപ്പെട്ട അന്ധയായ ഒരു പെൺകുട്ടി ആകുന്നു എന്നുള്ള കാര്യം രസാവഹമാണ്.

പെൺകുട്ടികൾക്കുള്ള കൊമ്മ്യൂനിററിസ്കൂളിനെ സംബന്ധിച്ചു മുഖ്യമായി പ്രസ്താവിപ്പാനുള്ള അഭിപ്രായം, പ്രസ്തുത സ്കൂൾ നടത്തിട്ടുണ്ടായ പരിചയംകൊണ്ടു ആൺകുട്ടികൾക്കുവേണ്ടി അങ്ങനെയുള്ള വേറൊരു സ്കൂൾ നൂതനമായി സ്ഥാപിക്കുന്നതിനു നായികമാക്കു പ്രാപ്തി ഉണ്ടായി എന്നുള്ളതാണ്.

പ്രാഥമികസ്കൂളുകൾ

പ്രസ്തുത ആണ്ടിൽ മഹായിടവകയിൽ ആകെപ്പാടെ മിന്നാററില്പുള്ള 31 സ്കൂളുകൾ ഉൾപ്പടെ 356 പ്രാഥമികസ്കൂളുകൾ ഉണ്ടായിരുന്നു. ഇവയിൽ അഞ്ചു പെൺപള്ളിക്കൂടം ഉൾപ്പടെ 287 എണ്ണത്തിൻെറ ഭരണം നടത്തിയതു മഹായിടവക അപ്പീസുമുഖാന്തിരമാണ്. 287 സ്കൂളുകളിൽ 224-നു മാത്രമേ സഹായധനം ലഭിക്കുന്നുള്ളു. ഈ സ്കൂളുകളെ താഴെ പറയുന്നവിധം തരംതിരിക്കാം :—

7 ക്ലാസ്സുകൾ ഉള്ള സ്കൂളുകൾ	1
6 ,, ,, ,,	2
5 ,, ,, ,,	1
4 ,, ,, ,,	62

3	ക്ലാസ്സുകൾ ഉള്ള സ്കൂളുകൾ	22
2	,, ,, ,,	79
1	,, ,, ,, (ധനസഹായമുള്ളതു)	57
1	,, ,, ,, (ടി ഇല്ലാത്തതു)	63
	ആകെ	287

മഹായിടവക സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ 1927-ൽ 27,982 ആയിരുന്നതു 1928-ൽ 29,814 ആയി വർദ്ധിച്ചു. കുട്ടികളെ താഴെ കാണിക്കുന്ന വിധം തരംതിരിക്കാം :—

	ആൺകുട്ടികൾ	പെൺകുട്ടികൾ
ആംഗ്ലേയക്കാർ	5,972	4,022
മററു ക്രിസ്ത്യാനികൾ	5,676	4,036
അക്രൈസ്തവർ	6,780	3,348
ആകെ	18.428 +	11,386 = 29,814

പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകഅദ്ധ്യാപികമാരുടെ എണ്ണം തലേആണ്ടിൽ 909 പുരുഷന്മാരും 190 സ്ത്രീകളും ആയിരുന്നു. പ്രസ്തുത ആണ്ടിൽ അവരുടെ എണ്ണം 940 (285 ആശാൻഉപദേശിമാർ ഉൾപ്പടെ) പുരുഷന്മാരും, 213 സ്ത്രീകളും ആകുന്നു. അദ്ധ്യാപകന്മാരിൽ അറുപതുപേർ അക്രൈസ്തവരത്രേ.

കൈത്തൊഴിലും സാമൂഹ്യവേലയും

കോട്ടയം കൈത്തൊഴിൽശാല. പ്രസ്തുത ആണ്ടിൽ ഹാജരുണ്ടായിരുന്ന ഇരുപത്തൊന്നുപേരിൽ പതിന്നാലുപേർ ആശാരിപ്പണിയും കൊല്ലൻപണിയും പഠിക്കയും ഏഴുപേർ നെയിത്തു പരിശീലിക്കയും ചെയ്തു. മരപ്പണി പഠിച്ചുകൊണ്ടിരുന്ന രണ്ടു ആളുകളും ഒരു നെയിത്തുകാരനും അഭ്യസനകാലം പൂർത്തിയാക്കിയശേഷം സ്കൂൾ വിട്ടു. ആശാരിപ്പണി ശീലിച്ചുകൊണ്ടിരുന്ന മങ്കൊമ്പുകാരൻ ഒരു കുട്ടി പരിശീലനം പൂർത്തിയാക്കാതെ സ്കൂൾ വിട്ടുപോയി. പരിശീലനം പൂർത്തി ആക്കിയിറങ്ങിയ രണ്ടു മരപ്പണിക്കാർക്കും, അവരുടെ സ്വദേശത്തു പോയി ജോലി തുടങ്ങുന്നതിനു ആവശ്യമുള്ള പണിക്കോപ്പുകൾ സൌജന്യമായി കൊടുക്കപ്പെട്ടു. സ്കൂൾ വിട്ടശേഷം അവർ ഉത്സാഹത്തോടുകൂടി പണിനടത്തിക്കൊണ്ടിരിക്കുന്നു. സ്കൂൾ വിട്ടുപോയ നെയിത്തുകാരൻ വ്യാപാരത്തിനു ഇടിവുതട്ടിയതു നിമിത്തം തൊഴിലിൽ ലാഭമില്ലെന്നു കണ്ടു ജോലിയിൽ ഏർപ്പെട്ടില്ല. മൂന്നുപേരെ മരപ്പണിക്ലാസ്സിലും നാലുപേരെ നെയിത്തുക്ലാസ്സിലും പുതുതായി ചേർത്തു. അങ്ങനെ ആണ്ടവസാനത്തിൽ ൨൪ പേർ ഹാജരുണ്ടായിരുന്നു. അവരിൽ ൨൦ ആളുകൾക്കു ഭക്ഷണവും താമസസ്ഥലവും സൌജന്യമായി നല്കുകയും ശേഷിച്ച നാലുപേർക്ക് ഉച്ചഭക്ഷണവും കൊടുത്തു. ക്ലാസ്സിൽ ചേർത്തിട്ടുള്ള ഇരുപത്തിനാലു ആളുകളും അധഃകൃതവർഗ്ഗത്തിൽപെട്ടവരാണ്. പ്രതിമാസം ഗവർമെൻറിൽനിന്നു കിട്ടിവരുന്ന ൫൦ രൂപയ്ക്കു പുറമേ നെയിത്തുക്ലാസ്സിനു പ്രതിമാസം പന്ത്രണ്ടരരൂപ ഗ്രാൻറു വാങ്ങിക്കൊള്ളുന്നതിനു പ്രസ്തുത ആണ്ടിൽ വ്യവസായഡയറക്ടർ അവർകളുടെ അനുമതി ലഭിച്ചിട്ടുണ്ട്. നസ്രേത്തിലുള്ള എസ്സ്. പി. ജി. കൈത്തൊഴിൽശാലാ മാനേജരുടെ ആലോചനപ്രകാരം മരപ്പണി, ഇരുമ്പുപണി ഇതുകളുടെ അഭ്യസനരീതിയിൽ ചില പരി

ഷ്കാരങ്ങൾ വരുത്തി. (1) ഇതുവരെ ഓരോ കുട്ടിയും ഈരണ്ടു വിഷയങ്ങൾ പഠിച്ചുകൊണ്ടാണ് വന്നതു. മരപ്പണി പരിചയിക്കുന്നവരെ ഇരുമ്പുപണി പഠിപ്പിക്കുന്നതു സമയനഷ്ടത്തിനു കാരണമെന്നല്ലാതെ വേറെ പ്രയോജനമില്ലെന്നു കണ്ടു, രണ്ടും രണ്ടായി വേൎതിരിച്ചു. മരപ്പണി പഠിക്കുന്നവരെ ആ തൊഴിൽതന്നെ പഠിപ്പിച്ചു. ഇരുമ്പുപണി പഠിക്കാൻ രണ്ടു വിദ്യാൎത്ഥികളേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇരുമ്പുപണിവാദ്ധ്യാൎക്കു അവരെ രണ്ടുപേരെയും അധികം ഉത്തമമായി പഠിപ്പിക്കുന്നതിനു സാധിച്ചു. ഇങ്ങനെ തരംതിരിച്ചു പഠിപ്പിച്ചതുകൊണ്ടു മരപ്പണിക്കാരിലും അതിൻെറ ഫലം നന്നായി കാണ്മാൻകഴിഞ്ഞു. (2) നാലാം ആണ്ടു പരിശീലനം സിദ്ധിച്ചുകൊണ്ടിരുന്ന വിദ്യാൎത്ഥികളെ കെട്ടിടങ്ങളുടെ മേൽപ്പുരപ്പണികൂടി പഠിപ്പിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തു. രണ്ടും മൂന്നും നാലും ആണ്ടുകളിൽ പരിശീലനം സിദ്ധിച്ചുകൊണ്ടിരുന്ന വിദ്യാൎത്ഥികൾക്കു ശമ്പളം പതിച്ചു കണക്കിൽ ചേൎത്തു. ഓരോ കുട്ടിയുടെയും പരിശീലനകാലം കഴിഞ്ഞു പോകുമ്പോൾ ഇങ്ങനെ കിട്ടുന്ന മുതൽ പലിശസഹിതം കിട്ടത്തക്കവണ്ണം അതു അഞ്ചൽബാങ്കിൽ സൂക്ഷിച്ചുവരുന്നു. കുട്ടികളുടെ പരിശീലനകാലശേഷം വേല തുടങ്ങുന്നതിനു പ്രസ്തുത മുതൽ അവൎക്കു ഒരു മൂലധനമായി ഉപയോഗപ്പെടുത്താം എന്നു പ്രത്യാശിക്കുന്നു.

പ്രസ്തുത ആണ്ടിൽ സ്കൂളിൽ പഠിച്ചിറങ്ങിയ പഴയ വിദ്യാൎത്ഥികളിൽ ചിലരെ ക്ഷണിച്ചുവരുത്തി സി. എൻ. ഐ. ചാപ്പലിൻെറ മേൽപ്പുര പണിയുവാൻ ഏല്പിച്ചു. ആശാരിപ്പണിക്കന്മാരുടെ സഹായംകൂടാതെ അവർതന്നേ മരപ്പണി മുഴുവനും യാതൊരു തകരാറും കൂടാതെ പണിതുതീൎത്തു. അവരുടെ കൂട്ടത്തിൽ മരപ്പണി ഉപേക്ഷിച്ചു കൂലിപ്പണി ചെയ്തുകൊണ്ടിരുന്ന ഒരാൾ, അവൻെറ തുരുമ്പുപിടിച്ചിരുന്ന ഉളിയും മററും കൊണ്ടുവന്നു ശേഷംപേരോടൊന്നിച്ചു പണിയുവാൻ അവനോടു ആവശ്യപ്പെട്ടു. ചുരുങ്ങിയ സമയംകൊണ്ടു ദിവസംപ്രതി ൯ അണ വീതം കൂലി വാങ്ങിക്കത്തക്കവണ്ണം അവൻ നന്നായി പണിതു. അതുമുതൽ അവൻ മരപ്പണി ഉത്സാഹത്തോടെ ചെയ്തുവരുന്നു. ആകെപ്പാടെ ചാപ്പൽപണികൊണ്ടു അവൎക്കു ൱൩൩ രൂപ ലഭിച്ചു. ഏകദേശം മൂന്നുമാസംകൊണ്ടു അവർ മരപ്പണി തീൎത്തു. മരപ്പണി നടത്തിക്കൊടുപ്പാൻ ആവശ്യപ്പെടുമ്പോഴൊക്കെയും പഴയ വിദ്യാൎത്ഥിപ്പണിക്കന്മാരെ വരുത്തി അവരെ ആ പണി ചുമതലപ്പെടുത്തിവന്നു. റിപ്പോർട്ടുവൎഷത്തിൽ അവൎക്കു ഈവിധത്തിൽ ൱൭ം രൂപ ൧൨ അണ ശമ്പളം കിട്ടിട്ടുണ്ട്.

തിരുവല്ലാ നെയ്ത്തുസ്കൂൾ. ആണ്ടാരംഭത്തിൽ രജിസ്റ്റർസംഖ്യ പതിമൂന്നു ആയിരുന്നു. ആണ്ടു അവസാനിക്കുന്നതിനു മുമ്പ് എട്ടുപേർ സ്കൂൾ വിട്ടുപോയി. പുതുതായി ഏഴുപേരെ ചേൎത്തു. ആണ്ടവസാനത്തിൽ പന്ത്രണ്ടു വിദ്യാൎത്ഥികൾ ഉണ്ടായിരുന്നു. പഴയ വിദ്യാൎത്ഥികളിൽ ചിലൎക്കു പതിവുപോലെ സ്കൂളിൽ ചില്ലറജോലികൾ കൊടുത്തിട്ടുണ്ട്. കഴിഞ്ഞയാണ്ടത്തേക്കാൾ ഈ ആണ്ടിൽ വില്പനയിൽ കുറെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. പ്രതിമാസം ൫൦ രൂപവീതം ഗവൎമ്മെൻറു സഹായധനം പ്രസ്തുത ആണ്ടിലും കിട്ടിട്ടുണ്ട്.

കോട്ടയത്തും തിരുവല്ലായിലും ഓരോ കൈത്തൊഴിൽശാല ഏൎപ്പെടുത്തിയതിൻെറ പ്രധാന സാദ്ധ്യം നമ്മുടെ സഭയിലെ അധഃകൃതവൎഗ്ഗത്തിലുള്ള സാധുക്കുട്ടികളെ, ഇന്നാട്ടിൽ സാധാരണ പ്രചാരമുള്ള തൊഴിലുകൾ പഠിപ്പിച്ചു, നേരായ വിധത്തിൽ ഉപജീവനം സമ്പാദിക്കുന്നതിനുള്ള മാൎഗ്ഗം ഉണ്ടാക്കിക്കൊടുത്തു അവരുടെ സാമൂഹ്യനിലയെ ഉയൎത്തണം എന്നുള്ളതാണ്.

കഴിഞ്ഞ ൧൦ വൎഷങ്ങൾക്കിടയിൽ കോട്ടയം കൈത്തൊഴിൽശാലയിൽ മരപ്പണി പഠിച്ച കുട്ടികളിൽ ഏകദേശം ൩൦ ശതമാനം പേരുടെ കാൎയ്യത്തിൽ ഈ ഉദ്ദേശ്യം ഏറക്കുറെ നിറവേറി എന്നു പറയാവുന്നതാണ്. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിക്കു വളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. അവരിൽ ചിലർ തങ്ങളുടെ സമുദായത്തിൽ നായകത്വം പ്രാപിച്ചിരിക്കുന്നു. ഇരുമ്പുപണിയും നെയിത്തുംകൊണ്ടു ഈ ജനങ്ങൾക്കു പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായതായി കാണുന്നില്ല. മുകളിൽ പ്രസ്താവിക്കപ്പെട്ട രണ്ടു സ്കൂളിലും നെയിത്തു പഠിച്ചിറങ്ങിയവരിൽ അധികംപേരും പല കാരണങ്ങളാൽ ആ ജോലിയിൽ ഏൎപ്പെട്ടു കാണുന്നില്ല. ഇരുമ്പുപണിയും നെയിത്തും തുടൎന്നുകൊണ്ടുപോകുന്നതു യുക്തമാണൊ എന്നുള്ള സംഗതി കൈത്തൊഴിൽ വിനിയോഗബോൎഡിന്റെ ആലോചനയ്ക്കു് വിഷയീഭവിച്ചിരിക്കയാണ്. പുനരാലോചനയ്ക്കായി പ്രസ്തുത വിഷയം മാററിവെച്ചിരിക്കുന്നു.

സാമൂഹ്യവേല. പരസ്പരസഹായസംഘങ്ങൾ, ചില ഇടവകകളിലുള്ള പ്രത്യേക വൎഗ്ഗത്തിൽപെട്ട ജനങ്ങളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മുഖാന്തിരമായിട്ടുണ്ട്. റിപ്പോൎട്ടുവൎഷത്തിൽ മഹായിടവകയിൽ പരസ്പരസഹായസംഘങ്ങൾ എത്രകണ്ടു വൎദ്ധിച്ചിട്ടുണ്ട് എന്നു അറിവാൻ കൈത്തൊഴിൽ വിനിയോഗബോൎഡു ഒരു അന്വേഷണം നടത്തി, എല്ലാ ഇടവകകൾക്കും എഴുത്തുകൾ അയച്ചു. പതിനഞ്ചു ഇടവകകളിൽനിന്നു മാത്രമേ മറുപടി കിട്ടിയുള്ളു. ആ ഇടവകകളിൽ ഇരുപത്തൊന്നു സംഘങ്ങൾ പ്രവൃത്തി നടത്തിവരുന്നു എന്നു ആ എഴുത്തുകളിൽനിന്നു വിശദമാകുന്നു. അവയിൽ രജിസ്റ്റർ ചെയ്യപ്പെടാത്തതായി ഒന്നു മാത്രമേയുള്ളു. അവയിൽ ഒന്നുരണ്ടു എണ്ണം ഒഴിച്ചു ബാക്കിയുള്ളവ എല്ലാം വൎദ്ധനവിൽ ഇരിക്കുന്നു. മങ്കൊമ്പിലുള്ള സംഘം പ്രത്യേകം പ്രസ്താവിക്കപ്പെടുവാൻ അൎഹതയുള്ളതാണ്. അതിനു ഏകദേശം ൫,൦൦൦ രൂപയോളം മൂലധനമുണ്ട്. അതിന്റെ പലിശ വാങ്ങി സാധുക്കളെ ഞെരുക്കുന്ന പണക്കാരുടെ പിടിയിൽനിന്നു സാധുക്കൾക്കു മോചനം പ്രാപിക്കുന്നതിനു അതു ഒരു മുഖാന്തിരമായിതീൎന്നു. മഹായിടവക പരസ്പരസഹായസംഘ മേധാവിയായിട്ടു ഒരാളെ നിയമിച്ചാൽ കൊള്ളാം എന്നുള്ള അഭിപ്രായം ബോൎഡിന്റെ ആലോചനയ്ക്കു വിഷയീഭവിച്ചതാണ്. എങ്കിലും തല്ക്കാലത്തേക്കു അതു മാററിവെക്കേണ്ടിവന്നു.

ക്രിസ്തീയസാഹിത്യവും സി. എം. എസ്സ്. അച്ചടിശാലയും.

അടുത്തകാലത്തു മഹായിടവക ഒട്ടുക്കു്, ക്രിസ്തീയസാഹിത്യത്തിൽ താല്പൎയ്യം പുനൎജ്ജീവിച്ചു വരുന്നതിന്റെ ലക്ഷ്യങ്ങൾ കാണാനുണ്ട് എന്നുള്ളതു ഒരുവിധം ധൈൎയ്യപ്രദമാണ്. മിക്കവാറും എല്ലാ സുവിശേഷ സഭകളുടെയും പ്രതിനിധികൾ അടങ്ങിയ മലയാള ക്രൈസ്തവസാഹിത്യകമ്മററി അഞ്ചുവൎഷത്തിനു മുമ്പു നാഷ്യനൽ ക്രിസ്ത്യൻകൌൺസിലിന്റെയും മദ്രാസുപ്രാതിനിധ്യക്രൈസ്തവസംഘത്തിന്റെയും ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ടു. കഴിഞ്ഞ പല ആണ്ടുകളിൽ യാതൊരു ധനസഹായവും കിട്ടാതിരിക്കവേ, കമ്മററിസിക്രട്ടറി റവ. എൽ. എ. ഡിക്സന്റെ അക്ഷീണപരിശ്രമംകൊണ്ടു കഴിഞ്ഞയാണ്ടിൽ ൫൦൦ രൂപ ദാനം കിട്ടി. അതുമൂലം ഫോസ്ഡിക്കിന്റെ 'മശിഹായുടെ മഹജ്ജീവിതം,' മിസ്റ്റർ ഡിക്സൻ രചിച്ച 'ലൂക്കൊസിന്റെ സുവിശേഷവ്യാഖ്യാനം' എന്നീ രണ്ടു വിലയേറിയ പുസ്തകങ്ങൾ മലയാളഭാഷയിൽ അച്ചടിച്ചു ഇറക്കുന്നതിനു സാധിച്ചു. ആർ. ടി. എസ്സിന്റെ സ്ഥലംപ്രതിനിധിയായ ആൎച്ച്ഡീക്കൻ ബെഞ്ചമിൻഅച്ചന്റെ അപേക്ഷാഫലമായിട്ടു് ആർ. ടി. എസ്സ്. തായികമ്മററി, ഏറെത്താമസിയാതെ മലയാളഭാഷയിൽ അച്ചടിച്ചു

പ്രസിദ്ധിപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള ചിത്രങ്ങളോടുകൂടിയ വേദകഥകൾ എന്നൊരു പുസ്തകത്തിൽ ചേർക്കുന്നതിനായി ൧൦,൦൦൦ വർണ്ണപടങ്ങൾ അയച്ചുതന്നു. അധികം പഠിപ്പില്ലാത്തവരുടെ പ്രയോജനത്തെ കരുതി നാലു ചെറുപുസ്തകങ്ങൾ ക്രൈസ്തവസാഹിത്യസംഘത്തിന്റെ ചെലവിൽ സി. എം. എസ്. അച്ചടിശാലയിൽനിന്നും പ്രസിദ്ധിപ്പെടുത്തിട്ടുണ്ടു്. മിസ്റ്റർ പി. വി. സഖറിയാ തർജ്ജമചെയ്തു അച്ചടിപ്പിച്ചു, 'ഞാൻ ജീവിക്കുന്ന അത്ഭുതമായ വീടു,' 'പുരുഷലക്ഷണം' എന്ന പുസ്തകങ്ങൾ രണ്ടും വീണ്ടും അച്ചടിച്ചു. ഏററം ചുരുക്കമായ വേദാദ്ധ്യയനസഹായകരങ്ങളായ മലയാളപുസ്തകങ്ങളുടെ സംഖ്യയെ വർദ്ധിപ്പിക്കുന്നവയായി, ചെറുതെങ്കിലും ഉപയോഗമുള്ള രണ്ടു പുസ്തകങ്ങൾ മിസ്സ് റിച്ചാർഡ്സ് പ്രസിദ്ധിപ്പെടുത്തി. റവ. ററി. ഐ. അബ്രഹാം അച്ചൻ, 'ദൃഷ്ടാന്തമഞ്ജരി' എന്ന പേരായി പ്രാസംഗികന്മാർക്കുപയോഗയോഗ്യമായ ഒരു പുസ്തകം അടുത്തകാലത്തു പ്രസിദ്ധിപ്പെടുത്തി. മഹായിടവക അധികാരികൾ ഇതും 'മശിഹായുടെ മഹജ്ജീവിതം' എന്ന പുസ്തകവും മിഷ്യൻജീവനക്കാരുടെ പരീക്ഷയ്ക്കു നിശ്ചയിച്ചിരുന്നു. ചുരുങ്ങിയ സുവിശേഷവ്യാഖ്യാനങ്ങൾ, ക്രിസ്തുവിന്റെ ഒരു ജീവചരിത്രം, ശരീരസുഖം, ശുചി മുതലായ മററു പല വിഷയങ്ങളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ തയ്യാറായിവരുന്നു. സി. എൻ. ഐ. ഭാഗവതർ, യോബിന്റെയും നയമാന്റെയും കഥകൾ, 'കഥാകാലക്ഷേപ'രീതിയിൽ പാട്ടായി നിർമ്മിച്ചിരിക്കുന്നു. പ്രാമുഖ്യമുള്ള മലയാളമാസികകളിൽ അവയെ അഭിനന്ദിച്ചു വിമർശനംചെയ്തിരുന്നു. എം. സി. എൽ. സി.യുടെ ഡയറക്ടരും അദ്ദേഹത്തിന്റെ സഹായപ്രവർത്തകന്മാരും മലബാറിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു്, ക്രിസ്തുമാർഗ്ഗത്തിന്റെ വളർച്ചയിൽ അഭിവാഞ്ഛയുള്ള എല്ലാവരും ക്രൈസ്തവസാഹിത്യപ്രചരണവേലയിൽ ഉത്സാഹം പ്രവർത്തിക്കേണ്ടതാണെന്നു ശക്തിമത്തായി ഘോഷിച്ചു. തൽസംബന്ധമായി പല പരസ്യങ്ങൾ അച്ചടിച്ചു വിതരണംചെയ്തു.

ചില സഭാംഗങ്ങൾകൂടി 'ന്യായവാദി' എന്നൊരു പത്രം അച്ചടിച്ചു മാസത്തിൽ രണ്ടു തവണവീതം പ്രസിദ്ധിപ്പെടുത്തിവരുന്നു. സഭയ്ക്കു അതിനോടു ഔദ്യോഗികമായ സംബന്ധമില്ലെങ്കിലും സാധാരണ സഭാവൃത്താന്തങ്ങൾ അതിൽ ചേർക്കാറുണ്ടു്.

ക്രൈസ്തവസാഹിത്യസംബന്ധമായ വേലയുടെ വിജയം മലബാറിലെ യഥാർത്ഥക്രിസ്ത്യാനികളായ സ്ത്രീപുരുഷന്മാരുടെ പ്രാർത്ഥനയോടുകൂടിയ അനുകമ്പ, സാഹചര്യം എന്നതുകളിന്മേലാണ് ആശ്രയിച്ചിരിക്കുന്നതു. വിഷമമേറിയ ഇക്കാലത്തു സത്യപ്രചരണത്തിനു ഏററം ഫലകരമായ മാർഗ്ഗങ്ങളിൽ ഒന്നു സാഹിത്യമാണ് എന്നുള്ള വസ്തുത നാം ഉണർന്നു മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സാധാരണ ഇതു ലാഭമുള്ള ഒരു വ്യാപാരമായിരിപ്പാൻ ഇടയില്ല. സ്വീകാര്യയോഗ്യങ്ങളായ നാനാവിധങ്ങളിലുള്ള ക്രിസ്തീയ സാഹിത്യഗ്രന്ഥങ്ങൾ ധാരാളം പ്രചാരപ്പെടണം എന്നുണ്ടെങ്കിൽ ദ്രവ്യസഹായം ചെയ്യേണ്ടിയിരിക്കുന്നു.

വർഗ്ഗീയഭിന്നതകൾ, ഉസ്സംശയം, അവിശ്വാസം, ഇതുകളാൽ അന്തരീക്ഷം തിങ്ങിയിരിക്കുന്ന ഇക്കാലത്തു നാം അനുഭവിക്കുന്ന നന്മയെ അതു ആവശ്യപ്പെടുന്ന മററുള്ളവർക്കും ഭാഗിച്ചുകൊടുക്കേണ്ടതാണ്. ക്രിസ്തീയസാഹിത്യവേലയ്ക്കു നവീനവും അപൂർവ്വവുമായ അവസരങ്ങൾ ലഭിച്ചിരിക്കകൊണ്ടു നാം അവറെറ ദൈവരാജ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുവാൻ തക്ക ബുദ്ധിയുള്ളവരായിരിക്കണം. ഈ വിഷയത്തിൽ ആദിമക്രൈസ്തവസഭ പുറജാതിലോകത്തെക്കാൾ മുൻനോട്ടത്തോടുകൂടി പ്രവർത്തിച്ചു എന്നു ഗ്ലോവർ പണ്ഡിതർ പ്രസ്താവിച്ചിരിക്കുന്നു. ഈ നാട്ടിലും ഇക്കാലത്തു സഭ ഇതുപോലെതന്നെയാണു പ്രവർത്തിക്കേണ്ടതു. ഭൂമി

യിലും അതിനു പുറത്തുമുള്ള സകല വിഷമങ്ങളെയും പരിഹരിക്കുന്നതിനുതകുന്ന ഒരു പ്രമേയത്തെ പ്രദാനംചെയ്യാൻ അതിനുണ്ടു. പുസ്തകങ്ങൾമുഖേന അതിൻെറ മൂല്യത്തിനെ ബലപ്പെടുത്തുന്ന മഹത്തായ കൃത്യം അഗണ്യമായി വിചാരിപ്പാൻ ജീവശക്തിയുള്ള യാതൊരു സഭയ്ക്കും കഴിയുന്നതല്ല. വിശിഷ്യ ദീർഘകാലമായി സാഹിത്യപ്രവൎത്തനത്തെ ഒരു തറവാട്ടുസ്വത്തുപോലെ ഗണിച്ചും സാഹിത്യപാണ്ഡിത്യത്തെ പണ്ടേതന്നെ വിലമതിച്ചും ഇരിക്കുന്ന ഇണ്ട്യയിൽ ഇതു എത്രയും അത്യാവശ്യമാണ്.

സി. എം. എസ്. അച്ചടിശാല. ഈ സ്ഥാപനം, അതിലെ നൂറ് പ്രവൎത്തകന്മാരോടുകൂടി പ്രസ്തുതയാണ്ടിൽ (൧൯൨൭ ഒക്ടോബർ—൧൯൨൮ സെപ്തംബർ വരെ) ൨൫,൦൱൰ രൂപയ്ക്കു വേലചെയ്തു. ഇതിൻെറ മുൻകൊല്ലത്തിൽ ൨൨,൯൦൩ രൂപയേ കിട്ടിയുള്ളു. വരവിനങ്ങൾ താഴെ കുറിക്കുന്നു:—

	രൂപാ
വേദപുസ്തകസമുദായം	8,004
ആർ. ടി. എസ്.	1646
ക്രിസ്തീയസാഹിത്യസംഘം	324
എസ്സ്. പി. സി. കെ.	137
സി. എസ്സ്. എസ്സ്. എം.	580
ബിഷോപ്പ് ആപ്പീസ്	1200
ററി. ആൻഡ് സി. സി. എം. എ.	600
പാഠ്യപുസ്തകങ്ങളും മററു പുസ്തകങ്ങളും	2000
സി. എം. എസ്സ്. കോളെജ്	400
മാസ് മൂവ്മെൻറു പത്രിക	2000
ബുക്കഡിപ്പോ	1500
പ്രൈവററു അച്ചടികൾ	4868
പലവക	1805

പ്രസ്തുതയാണ്ടിൽ അച്ചടിശാലയ്ക്കു ൫,൩൭൪ രൂപയും ഡിപ്പോവിൽനിന്നു ൧,൩൩൯ രൂപയും ലാഭം കിട്ടി. മുൻ ആണ്ടിൽ അച്ചടിശാലയ്ക്കു ൩,൮൩൭ രൂപയും ഡിപ്പോവിൽനിന്നു ൧,൮൭൩ രൂപയും മാത്രമേ ലാഭമുണ്ടായിരുന്നുള്ളു. അച്ചടിശാലവരവിൽനിന്നു ൧൨൦൦ രൂപ മഹായിടവക പൊതുമുതലിലേക്കു എടുത്തിട്ടുണ്ടു. മുന്നാണ്ടത്തെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്ന മാസികകൾ എല്ലാം ഈ ആണ്ടിലും അച്ചടിശാലയിൽനിന്നും ക്രമമായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. ‘ജ്ഞാനനിക്ഷേപ’ത്തിനു ഇപ്പോൾ മുപ്പതു വയസ്സു പൂൎത്തി ആയി. ഇതിനിടയിൽ അതു ഫലകരമായ വേലചെയ്തിട്ടുണ്ടു. മാസികയിൽ രസാവഹവും ഗൃഹനിൎമ്മാണത്തിനുതകുന്നവയും ആയ പല വിഷയങ്ങൾ അടങ്ങിയിരുന്നു എന്നു മാത്രമല്ല, മഹായിടവക ഒട്ടുക്കുള്ള ക്രിസ്തീയവേലക്കാൎക്കു പ്രയോജനമുള്ള പ്രസംഗക്കുറിപ്പുകൾ ഈയിട തുടരെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ ആണ്ടത്തേതിനോടു താരതമ്യപ്പെടുത്തിനോക്കിയാൽ റിപ്പോർട്ടുവൎഷത്തിൽ ഡിപ്പോവിൽനിന്നു ലഭിച്ച ആദായം തീരെ താണുപോയി എന്നു കാണാം. പുസ്തകവില്പന കുറഞ്ഞുപോയി എന്നാണല്ലൊ അതിൽനിന്നു വിശദമാകുന്നതു. പല പുസ്തകങ്ങളുടെ വിലയിൽ കുറവുചെയ്തിരുന്നിട്ടും വില്പന ഒട്ടുംതന്നേ തൃപ്തികരമല്ല. ഒട്ടുവളരെ പുസ്തകങ്ങളും ലഘുലേഖകളും അൽമാരിയിൽ ഇരുന്നു ദ്രവിച്ചു

പോവുകയാണ്. നമ്മുടെ സഭകളിലും സ്കൂളുകളിലും ഇവയെ പ്രയോജനപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ള ഗുണം സിദ്ധിക്കുന്നില്ല എന്നുമാത്രമല്ല, അവയിൽ മുടക്കിയിരിക്കുന്ന ഒരു വലിയ സംഖ്യ, ഏതൽക്കാലത്തേക്കു അത്യാവശ്യപ്പെട്ടിരിക്കുന്ന പുതിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുപയോഗപ്പെടാതെയും ഇരിക്കുന്നു. അതുകൊണ്ടു ഇപ്പോൾ സൌകൎയ്യപ്പെട്ടിരിക്കുന്ന ഈ വക പുസ്തകങ്ങളെ വില്ക്കുന്നതിലും വിതരണംചെയ്യുന്നതിലും എല്ലാ പട്ടക്കാരുടെയും മററു ക്രിസ്തീയപ്രവൎത്തകന്മാരുടെയും സഹകരണം ഉണ്ടായിരിക്കേണ്ടതാണെന്നു നിൎബ്ബന്ധപൂൎവ്വം അറിയിച്ചുകൊള്ളുന്നു.

വേദപുസ്തകം, പള്ളിക്രമം മുതലായവ കുറഞ്ഞവിലയ്ക്കു കൊടുക്കുന്നതിലേക്കുള്ള മുതൽ. പ്രസ്തുതവൎഷത്തിൽ താഴെപ്പറയുന്ന പുസ്തകങ്ങൾ സാധുക്കളായ ക്രിസ്ത്യാനികൾക്കു പകുതിവിലയ്ക്കു കൊടുത്തു :—

വേദപുസ്തകങ്ങൾ	218
പുതിയനിയമങ്ങൾ	93
സുവിശേഷങ്ങൾ	50
പള്ളിക്രമപ്പുസ്തകങ്ങൾ	142
പാട്ടുപുസ്തകങ്ങൾ	99

ഇതിലേക്കു ഇടവകകളിൽനിന്നു ൯൮ രൂപ പിരിഞ്ഞുകിട്ടിട്ടുണ്ടു.

സുവിശേഷവേല

ഒരു മഹായിടവകയുടെ സുവിശേഷവേലയെക്കുറിച്ചു റിപ്പോർട്ടു എഴുതുന്നതു അതിന്റെ നാഡി പിടിച്ചുനോക്കുന്നതുപോലെ ആണ്. ഒരു സഭയിൽ സുവിശേഷഘോഷണത്തിന്റെ വ്യാപ്തി, ഗുണം എന്നിവ അതിന്റെ യാഥാൎത്ഥ്യസ്ഥിതിയെ വെളിപ്പെടുത്തുന്നതാണ്. ശക്തിമത്തായ സുവിശേഷഘോഷണംസംബന്ധിച്ചുള്ള പരിശ്രമം, ക്രമാനുഗതമായ ദാനാൎപ്പണം, തീക്ഷ്ണതയുള്ള മദ്ധ്യസ്ഥപ്രാൎത്ഥന, വീട്ടിലും നാട്ടിലും ആപ്പീസുകളിലും സാക്ഷ്യംവഹിക്കുക ഇതുകളാണ് സമൃദ്ധിയായ ജീവന്റെ ലക്ഷണങ്ങൾ.

മഹായിടവകയും അതിൽ എല്ലാ ഭാഗങ്ങളിലുമുള്ള ജനക്കൂട്ടങ്ങൾ വേറെ വേറെയും സുവിശേഷവേല നടത്തുന്നുണ്ടു. അട്ടൂർമിഷ്യൻ, മഹായിടവക ആപ്പീസിൽനിന്നു ക്രമീകരിച്ചുനടത്തുന്ന ഡിസ്ട്രിക്ട് സുവിശേഷകന്മാർ, വിദേശമിഷ്യൻ ഇതുകൾക്കും പുറമേ, കരപ്പുറംമിഷ്യൻ, ഓരോ സ്ഥലത്തും നടത്തുന്ന പരിശ്രമങ്ങൾ എന്നിങ്ങനെയുള്ള സുവിശേഷവേലകൾ നമുക്കുണ്ടു്.

അട്ടൂർമിഷ്യൻ. ഇവിടെ നടത്തുന്ന വേലയിൽ അഭിവൃദ്ധി ഉണ്ടു. ഈ ആണ്ടിൽ അതിന്റെ കിഴക്കുഭാഗത്തുള്ള ഉപസഭകളെ കൂട്ടിച്ചേൎത്തു 'ഏനാത്തു' ഇടവക എന്ന നാമധേയത്തിൽ ഒരു പുതിയ ഇടവക രൂപീകരിച്ചിരിക്കുന്നു. ഈ സ്ഥാപനത്തിനുണ്ടായിരുന്ന കടം തീൎക്കേണ്ടതിനായി അതിപരിശ്രമം ചെയ്യുതും സന്തോഷിക്കത്തക്കതുതന്നേ. കടംനിമിത്തം വേലക്കാരുടെ സംഖ്യ കുറയ്ക്കേണ്ടിവന്നു. അവിടെനിന്നും ഒരു സുവിശേഷകനെ സ്ഥലംമാറേറണ്ടതായിട്ടും കെട്ടിടപ്പണികൾ നിൎത്തിവെക്കേണ്ടതായിട്ടും വന്നു. ഉപദേശിമാർ ഒരുമിച്ചുകൂടി പ്രസംഗം നടത്തത്തക്കവണ്ണം ക്രമപ്പെടുത്തി. ഉയൎന്നജാതി സ്ത്രീപുരുഷന്മാരെ അവരുടെ വസതികളിൽ ചെന്നു കണ്ടു ഗുണദോഷിച്ചു; സുവിശേഷപ്രതികളും വേദപുസ്തകങ്ങളും വിററുപിരിച്ചു. സത്യാന്വേഷകയായി കാണപ്പെട്ട ഒരു ഉയൎന്നജാ

തിസ്സിയെ ബെതേൽ ആശ്രമത്തിൽ അയച്ചു. പിന്നീടു അവരെ സ്നാനപ്പെടുത്തി. കഴിഞ്ഞയാണ്ടിൽ തിരുവനന്തപുരം മാതൃസംഘാംഗങ്ങളിൽനിന്നു പ്രത്യേക സഹായം ലഭിച്ചു. അവർ സാധുക്കൾക്കു വസ്ത്രം വാങ്ങിക്കൊടുക്കുന്നതിനു ൩൦ രൂപ പിരിച്ചയച്ചു. ശ്രീമതി ആർ. ഇട്ടിച്ചെറിയ ആനന്ദപ്പള്ളിൽ താമസിച്ചു വേലചെയ്യുന്ന പ്രവൎത്തകൻെറ സന്ധിപ്പിനു വേണ്ട ധനം ചെലവുചെയ്തുകൊണ്ടിരുന്നു. ബുക്കാനാൻ അദ്ധ്യാപികകളും കുന്നംകുളങ്ങര സുവിശേഷബോൎഡിലെ അംഗങ്ങളും അട്ടൂർ മിഷ്യൻകമ്മററിയംഗങ്ങളിൽ ചിലരും ഹണ്ടുസായ്പും മദാമ്മയും മിസ്സ് വിററ്ലോക്കും മിഷ്യൻസ്ഥലങ്ങളെ സന്ദൎശിച്ചു.

ഇപ്പോൾ അവിടത്തെ പ്രത്യേകാവശ്യങ്ങൾ താഴെ പറയുന്നവയാണ്:—

(1) ഏളങ്ങമംഗലം പള്ളി ഇതുവരെ വീണ്ടും പണിയുവാൻ സാധിച്ചില്ല.

(2) ഗവൎമ്മെൻറു ഗ്രാൻറു കിട്ടിക്കൊണ്ടിരിക്കണമെങ്കിൽ ചില പള്ളിക്കൂടകെട്ടിടങ്ങൾ കേടുപോക്കണം.

(3) വേല ഫലകരമാംവണ്ണം നടത്തിക്കൊണ്ടുപോകുന്നതിനു യോഗ്യതയുള്ള പ്രവൎത്തകന്മാരെ കൂടുതലായി നിയമിക്കണം.

(4) മിഷ്യൻവക പുരയിടങ്ങൾക്കു കയ്യാലതോണ്ടി കൃഷി ചെയ്യണം.

(5) പിറവന്തൂർ, മാക്കുളം, എളമണ്ണൂർ, അത്തിയാക്കൽ ഈ സ്ഥലങ്ങളിൽ സ്കൂൾകെട്ടിടങ്ങൾ പണിയിച്ചിട്ടില്ല.

വിദേശമിഷ്യൻ. നമ്മുടെ വിദേശമിഷ്യൻെറ കേന്ദ്രസ്ഥാനമായിട്ടു എടുത്തിരിക്കുന്നതു നൈസാംമഹാരാജാവിൻെറ രാജ്യത്തു പറക്കാൽതാലൂക്കിലുള്ള കത്രിയപ്പള്ളി എന്ന സ്ഥലമാണ്. ഇവിടെ നമുക്കു രണ്ടു കെട്ടിടങ്ങൾ ഉണ്ട്. അവയിൽ 'കേരളം' എന്നു പേർകൊടുത്തിരിക്കുന്ന ഒന്നിലാണ് നമ്മുടെ രണ്ടു മിഷ്യനറിമാർ താമസിക്കുന്നതു. മറേറതിൽ തെലുങ്കുവാദ്ധ്യാരും പാൎക്കുന്നു. രണ്ടാമത്തെ കെട്ടിടത്തിൻെറ ഒരു ഭാഗം പ്രാൎത്ഥനമുറിയായി വേൎതിരിച്ചു, അതിൽ ഞായറാഴ്ചതോറും ശുശ്രൂഷ നടത്തിവരുന്നു. പ്രാൎത്ഥനമുറിയിൽവെച്ചു നടത്തുന്ന ഞായറാഴ്ചശുശ്രൂഷകളിൽ ചില ആളുകൾ ക്രമമായി ഹാജരാകയും വഴിപാടുകൾ അൎപ്പിക്കുകയും ചെയ്യുന്നു. ഇതു പ്രത്യാശാവഹമാണ്. അവരുടെ വഴിപാടു കഴിഞ്ഞ ആണ്ടിൽ ഏകദേശം ൨൫ രൂപ ഉണ്ടായിരുന്നു. മിഷ്യനറിമാർ അടുത്തുള്ള ഗ്രാമങ്ങൾ സന്ദൎശിച്ചപ്പോൾ അവിടെയുള്ള ജനങ്ങൾ അവരെ സസന്തോഷം സ്വീകരിച്ചു. ഒരിക്കൽ ഒരു ബ്രാഹ്മണമജിസ്ട്രേട്ടിൻെറ സ്വന്തംവക അമ്പലത്തിൻെറ മുററത്തു പ്രസംഗിപ്പാൻ അവൎക്കു അനുവാദം കൊടുത്തു എന്നു അവരുടെ റിപ്പോൎട്ടിൽ കാണുന്നു. വേറൊരിക്കൽ ഒരു സവൎണ്ണഹൈന്ദവൻ രക്ഷാമാൎഗ്ഗത്തെക്കുറിച്ചു തന്നോടു വിസ്തരിച്ചു പറയണമെന്നും ദിനംപ്രതി ഉപയോഗിപ്പാനായി യേശുക്രിസ്തുവിനോടുള്ള ഒരു പ്രാൎത്ഥന എഴുതിക്കൊടുക്കണം എന്നും അവരോടു ആവശ്യപ്പെട്ടു. ചില ഗ്രാമക്കാർ പള്ളിക്കൂടങ്ങൾ കൊടുക്കണം എന്നു അപേക്ഷിച്ചിരിക്കുന്നു. എങ്കിലും അവരുടെ അപേക്ഷ നിറവേററിക്കൊടുക്കുന്നതിനു കഴിഞ്ഞിട്ടില്ല. കത്രിയപ്പള്ളിൽനിന്നും കുറെ അകലെ ഒരു കേന്ദ്രസ്ഥാനം ഉറപ്പിക്കുവാൻ ശ്രമിച്ചുവരികയാണ്. എന്നാൽ നൈസാമിൻെറ രാജ്യത്തു വിദേശികൾക്കു ഭൂമി വിററുകൂടാ എന്നു ചട്ടമുള്ളതുകൊണ്ടു സ്ഥലം കിട്ടുവാൻ പ്രയാസമുണ്ട്.

നമ്മുടെ മിഷ്യൻ സ്ഥാപിച്ചിരിക്കുന്ന റായിഡിസ്ത്രിക്ടിൽ ആസ്പത്രികൾ ഇല്ല. അതുകൊണ്ടു നമ്മുടെ മിഷ്യനറിമാർ മിഷ്യൻബോൎഡു അനുവദിച്ച ചുരുങ്ങിയ പണംകൊണ്ടു കുറെ മരുന്നുകൾ വാങ്ങി രോഗികൾക്കു കൊടുത്തതുകൊണ്ടു പല

ക്കും ആശ്വാസം കിട്ടി. പ്രസ്തുത ആണ്ടിൽ മിസ്റ്റർ കെ. ഇ. ഈപ്പൻ തെലുങ്കു രണ്ടാം പരിക്ഷയും മിസ്റ്റർ ററി. എം. തോമ്മാസു ഒന്നാമത്തെയും പൂർത്തിയാക്കി. ഡോർനക്കൽ മഹായിടവക സ്വദേശമിഷ്യൻ സിക്രട്ടറി റവ. എസ്സ്. എസ്സ്. സുബ്ബയ്യാ നമ്മുടെ മിഷ്യൻ വേലസ്ഥലം സന്ദർശിച്ചശേഷം ഇങ്ങനെ എഴുതിയിരിക്കുന്നു— 'ജനങ്ങൾ സസന്തോഷം സുവിശേഷം കേൾക്കുന്നു; എങ്കിലും സ്നാനം ഏല്പാൻ ഭയപ്പെടുന്നു എന്നും ഗ്രാമപ്രമാണികളായ രണ്ടുപേർ രഹസ്യത്തിൽ അവക്കു എതിരായി പ്രവൎത്തിക്കുന്നതാണു് അതിന്റെ കാരണം എന്നും മിഷ്യനറിമാർ പറയുന്നു.'

ആണ്ടാരംഭത്തിൽ ൨൭ രൂ. ൧൪ ണ. ൭ പൈ മാത്രമേ മിച്ചമുണ്ടായിരുന്നുള്ളു. ആണ്ടവസാനത്തിൽ ൯൩൫ രൂപാ മിച്ചമുണ്ടു്.

ഡിസ്ത്രിക്ടു് സുവിശേഷകന്മാർ. ഓച്ചിറ, ചങ്ങനാശ്ശേരി, കുഴിക്കാലാ, വൈക്കം ഈ സ്ഥലങ്ങളാണു് ഗ്രൂപ്പു സുവിശേഷകന്മാരുടെ മുഖ്യ സ്ഥാനങ്ങളായി എടുത്തിരിക്കുന്നതു. അവർ അവരവൎക്കു തിരിച്ചിട്ടുള്ള പ്രത്യേക സ്ഥലങ്ങളിൽ പ്രവൃത്തി നടത്തിയും സുവിശേഷഘോഷണ പ്രസംഗയാത്രകളിൽ മററുള്ളവരോടു യോജിച്ചും പ്രവൎത്തിക്കുന്നു. ഇങ്ങനെയുള്ള രണ്ടു പ്രസംഗയാത്രകൾ ഈ ആണ്ടിൽ നടത്തപ്പെട്ടു. ഒരു കൂട്ടം ഏററുമാനൂർനിന്നു പുറപ്പെട്ടു തൃപ്പൂണിത്തുറവരെ വടക്കോട്ടും മറെറ കൂട്ടം ആലപ്പുഴെനിന്നു കരുനാഗപ്പള്ളിവരെ തെക്കോട്ടും സഞ്ചരിച്ചു. രണ്ടും ധൈൎയ്യപ്രദങ്ങളായിരുന്നു. പ്രസ്തുത ആണ്ടിൽ ൧൩൫൧ സുവിശേഷപ്രതികൾ വിററഴിച്ചു. എലന്തൂരും ചുററുപാടുമുള്ള അക്രൈസ്തവരായ അധഃകൃതവൎഗ്ഗക്കാരുടെ ഇടയിൽ തുടങ്ങിട്ടുള്ള നവീനവേല ഗുണലക്ഷണമുള്ളതായി തോന്നുന്നു. സ്ഥിരമായി ഒരു സുവിശേഷകനെ നിയമിച്ചിട്ടുള്ള കുത്താട്ടുകുളത്തു മൂന്നു പുതിയ സ്ഥലങ്ങളിൽ വേല ആരംഭിച്ചിട്ടുണ്ടു്. അവിടുത്തെ വേല വിസ്തീൎണ്ണപ്പെട്ടുകൊണ്ടിരിക്കുന്നു.

ആലപ്പുഴ ക്രിസ്ത്യൻ ഇൻസ്റ്റിട്യൂററു്. പ്രവൎത്തകന്മാരിൽ ഒരാൾ ബങ്കളൂർ വൈദികശാലയിൽ പഠിപ്പാൻ പോയതുകൊണ്ടു സ്ഥാപനയുടെ പതിവായുള്ള ജോലികൾ മുഴുവൻ നടത്തിക്കൊണ്ടുപോവാൻ പ്രയാസം നേരിട്ടു. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഹൈന്ദവരുടെ ഇടയിൽ നടത്തിവന്ന വേലയ്ക്കാണു് അതുകൊണ്ടു മുഖ്യമായി വിഘ്നം നേരിട്ടതു. വായനശാലയും വേദപുസ്തകഡിപ്പോയും ആളുകൾ വിലമതിച്ചുവരുന്നു. അവിടെവെച്ചു നടത്തിട്ടുള്ള പ്രത്യേക പ്രസംഗങ്ങൾ കേൾക്കുന്നതിനു ആളുകൾ ധാരാളം കൂടിവരുന്നു. സ്ഥാപനത്തിന്റെ ആവശ്യങ്ങളിൽ ഒന്നു വായിപ്പാൻ കൊടുത്തുകൊണ്ടിരിക്കുന്ന പുസ്തകസഞ്ചയം, പുതിയ പുസ്തകങ്ങൾ വാങ്ങി പുഷ്ടിപ്പെടുത്തുക എന്നുള്ളതാണു്.

കരപ്പുറംമിഷ്യൻ (ചേൎത്തല). മുൻ പ്രസ്താവിക്കപ്പെട്ട സ്ഥാപനത്തിന്റെ വേലയോടു ഇതു സംബന്ധപ്പെട്ടിരിക്കുന്നു. പ്രസ്തുത ആണ്ടിൽ ഈ മിഷ്യനിൽ സ്പഷ്ടമായ വളൎച്ച ഉണ്ടായിട്ടുണ്ടു്. നാലു പുരയിടങ്ങൾ, ഒരു സ്ക്കൂൾകെട്ടിടം, ഒരു കയററുപാണ്ടികശാല, പ്രവൎത്തകന്മാൎക്കുള്ള വീടുകൾ, ഒരു വായനശാല, സന്ദൎശകന്മാൎക്കുള്ള വീടു ഈ സ്ഥാപനകൾ എല്ലാം കാണുന്ന ഒരുവനു ആശ്ചൎയ്യം തോന്നും. കളവങ്കോടത്തുള്ള ൨൩ അംഗങ്ങൾ അടങ്ങിയ ഒരു ക്രിസ്തീയസഭ, തണ്ണീർമുക്കത്തിനടുത്തു ഒരു ക്രിസ്തീയകുടുംബം, ഈ രണ്ടു സ്ഥലങ്ങളിലും അടുത്ത പ്രദേശങ്ങളിലുമുള്ള സത്യാന്വേഷകന്മാർ—ഇവരെ കാണുന്നതു ധൈൎയ്യപ്രദമാണു്. കളവങ്കോടത്തുള്ള സ്ക്കൂളും അതുപോലെ തന്നേ 'തണ്ടപ്പുലയൎക്കു'ള്ളതും കഴിഞ്ഞ ആണ്ടിൽ വളൎച്ച പ്രാപിച്ചിട്ടുണ്ടു്. ആദ്യത്തെ സ്ക്കൂളിൽ ഇപ്പോൾ ൧൨൦ കുട്ടികൾ പഠിക്കുന്നു. രണ്ടു സ്ക്കൂളിനും ഗവൎമ്മെൻറു അംഗീകരണവും ഗ്രാൻറുമില്ല. കയററുപാണ്ടികശാല പൂൎത്തിയായി. കൂടുതൽ മുറികൾ ഇപ്പോൾ പണിയിച്ചുവരുന്നു. ഇതെ

ല്ലാം സാധിച്ചതു മിസ്സ് ബെയിക്കർമദാമ്മയുടെ ഔദാൎയ്യദാനംകൊണ്ടാണ്. ആ ഗുണവതിയോടുള്ള കൃതജ്ഞത പ്രസ്താവയോഗ്യമാണ്. മിസ്റ്റർ പി. ഇട്ടി ജെയിക്കോബു ബി. എ.യുടെ ശേഷിയോടുകൂടിയ നടത്തിപ്പിൻകീഴിൽ അവിടുത്തെ വേല പൂൎണ്ണവിജയം പ്രാപിക്കും എന്നു പ്രത്യാശിക്കാം. കളവങ്കോട്ടു താണസമ്പ്രദായത്തിൽ ഒരു ധൎമ്മമരുന്നുശാല നടത്തുവാൻ ശ്രമിച്ചു. എന്നാൽ ചികിത്സിപ്പാൻ യോഗ്യത സിദ്ധിച്ചിട്ടുള്ള ആളുകളെ കിട്ടായ്കയാൽ തല്ക്കാലത്തേക്കു അതു വേണ്ടെന്നുവെച്ചു. നമ്മുടെ വേലക്കാരുടെ കൂട്ടത്തിൽ, സൂതികാവിദ്യ പരിശീലിച്ചിട്ടുള്ള ഒരു സ്ത്രീകൂടി ഉണ്ട്, അവരുടെ ശുശ്രൂഷകളെ ജനങ്ങൾ അതിയായി വിലമതിച്ചുവരുന്നു.

ബെതേൽ ആശ്രമം. സുവിശേഷഘോഷണവേല വാരിക്കാട്ടും ചുററുപാട്ടുള്ള സ്ഥലങ്ങളിലും പതിവുപോലെ നടത്തപ്പെട്ടു. ഉയൎന്നജാതികൾ ഉൾപ്പെടെ ചില സ്ത്രീകളെ ക്രമമായി പഠിപ്പിച്ചുവരുന്നു. രണ്ടു ചേരമർകുടുംബങ്ങളെ സ്നാനപ്പെടുത്തി. സ്നാനാൎത്ഥികളായി ചിലർ ഇനിയും പഠിച്ചുവരുന്നു.

